
# എഴുത്തിടം



ജി എച്ച് എസ് കുറുമ്പാല

ഡിജിറ്റൽ മാഗസിൻ 2019 -20

little KITEs



**വിദ്യാഭ്യാസം എന്നാൽ
എഴുത്തും വായനയും
പഠിക്കുക എന്നതല്ല
അത് പ്രതിസന്ധികളെ
തരണം ചെയ്യാനുള്ള
കരുത്താർജിക്കലാണ്......**

**ഗാന്ധിജി...**

# താളുകളിലൂടെ.................................

ജി. എച്ച്. എസ്. കുറുമ്പാലയെക്കുറിച്ച് ...............................11

വിജയകുതിപ്പിൽ ജി.എച്ച്.എസ് കുറുമ്പാല............................12

വിഷം തീണ്ടിയ മനസ്സുകൾ................................................15

അതിജീവനം.................................................................16

പുകവലി ആരോഗ്യത്തിന് ഹാനികരം................................17

സ്നേഹിതൻ.................................................................18

സൗഹൃദം....................................................................19

ലഹരി.........................................................................21

മഴയാലെ വന്ന പ്രളയം...................................................22

അമ്മ...........................................................................23

میری پیاری ہے ماں...........................................................24

വീണ്ടെടുക്കാം പ്രകൃതി....................................................26

വിശപ്പ്.........................................................................28

اردوزبان.........................................................................29

എന്നെന്നേക്കുമായി.........................................................30

സ്വയം തിരിച്ചറിയൂ ...പോരായ്മകൾ പരിഹരിക്കു ...................32

മൊബൈൽ ഫോൺ...........................................................34

ആത്മഹത്യയിലേക്ക് നയിച്ച ഭീകരവാദി...............................36

കുട്ടികളുടെ കഴിവ്.........................................................37

മാതാപിതാക്കളുടെ നിധി.................................................39

നാളേയ്ക്കായ് കരുതാം പ്രകൃതിയെ....................................41

ഭാരതം....................................................................................42
മാതൃസ്നേഹം..........................................................................43
ഒലിച്ചിറങ്ങിയ എന്റെ ഗ്രാമം.................................................44
പ്ലാസ്റ്റിക്ക് ഭൂമിയും പരിസ്ഥിതി മുറിവുകളും..............................45
അമ്മ മനസ്സ്.............................................................................48
ആത്മവിശ്വാസം എന്ന വലിയ വിജയം...................................50
മൊബൈൽ ഫോണിന്റെ ദുരുപയോഗം...................................51
മൊബൈൽ ഫോണിന്റെ ദുരുപയോഗം...................................51
FREEDOM...............................................................................59
വലയ സൂര്യഗ്രഹണം................................................................61
ആ അവധിക്കാലം.....................................................................68
നൊമ്പരക്കാഴ്ചകൾ.................................................................74
അഗ്നിസാക്ഷി...........................................................................76
नशो......................................................................................79
വരകൾ...................................................................................81
ഓർമകളിലൂടെ........................................................................85
മിൽമ വിസിറ്റ്............................................................................86



**ശ്രീമതി കെ.ബി.നസീമ**

**പ്രസിഡന്റ്**


**വയനാട് ജില്ലാ പഞ്ചായത്ത്**

# <u>സന്ദേശം</u>

കുറുമ്പാല ഗവണ്മെന്റ് ഹൈസ്കൂള് ലിറ്റിൽ കൈറ്റ്സ് പ്രവര്ത്തനങ്ങളുടെ ഭാഗമായി 2019-20 അധ്യയന വര്ഷത്തിൽ ഒരു ഡിജിറ്റൽ മാഗസ്സിന് തയ്യാറാക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു.

വിദ്യാലയത്തിലെ തെരഞ്ഞെടുക്കപ്പെട്ട കുട്ടിപ്പട്ടങ്ങളുടെ നേതൃത്വത്തിൽ ഒരുക്കുന്ന ഈ മാഗസിന് സ്ർഗ്ഗാത്മക സൃഷ്ടികളെ കൊണ്ട് സമ്പന്നമാകട്ടെ എന്നാശംസിക്കുന്നതിനോടൊപ്പം പങ്കാളികളായിട്ടുള്ള എല്ലാവർക്കും വിജയാശംസകൾ നേരുകയും ചെയ്യുന്നു.

കെ.ബി.നസീമ





**ജോസഫ് ജെറാർഡ്**
**ഹെഡ്മാസ്റ്റർ**
**ഗവ.ഹൈസ്കൂൾ കുറുമ്പാല**

## സന്ദേശം

കുറുമ്പാല സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ഈ വർഷവും ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്ന എന്നതിൽ ഏറെ സന്തോഷിക്കുന്നു. ശ്രദ്ധേയമായ നിരവധി പ്രവർത്തനങ്ങളിലൂടെ നമ്മുടെ ജില്ലയിൽ തന്നെ ശ്രദ്ധേയമായ മികച്ച യൂണിറ്റുകളിലൊന്നായി മാറാൻ ഇതിനോടകം തന്നെ കുറുമ്പാല ഗവ ഹൈസ്കൂൾ ലിറ്റിൽ കൈറ്റ്സിനു കഴിഞ്ഞു എന്നതിൽ നമ്മുക്ക് അഭിമാനിക്കാം.

സാങ്കേതിവിദ്യയും അതിന്റെ സാധ്യതകളും അനുദിനം വർദ്ധിച്ച കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മാനവികതയുടെ അംശം അൽപം പോലും ചോർന്നു പോകാതെ സ്കൂളിനും സമൂഹത്തിനും പ്രയോജനകരമായ പ്രവർത്തനങ്ങളാണ് ലിറ്റിൽ കൈറ്റ്സ് നടത്തിവരുന്നത്. പത്താം ക്ലാസ് കഴിഞ്ഞു പുറത്തേയ്ക്കു ഇറങ്ങുമ്പോൾ വിവര വിനിമയ സാങ്കേതിക വിദ്യയിൽ ഈ കുട്ടികൾ നേടുന്ന പരിശീലനം അവരുടെ നിത്യ ജീവിതത്തിൽ തീവ്ര ചലനങ്ങൾ സൃഷ്ടിക്കും എന്നത് തീർച്ചയാണ്. ആർട്ടിഫിഷ്യൽ ഇന്റലിജിൻസ്, റോബോട്ടിക് സയൻസ്, നാനോ ടെക്നോളജി, ഡാറ്റ അനാലിസിസ് എന്നിവയെല്ലാം പുത്തൻ തലമുറയിൽ പ്രതീക്ഷ അർപ്പിച്ചിരിക്കുന്ന തൊഴിൽ സംരംഭങ്ങളാണ്. ഈ മേഖലകളിൽ എല്ലാം നേട്ടം കൈവരിക്കാൻ ലിറ്റിൽ കൈറ്റ്സിലൂടെ കടന്നു വരുന്ന കുരുന്നുകൾക്ക് കഴിയും.

പൊതുസമൂഹവും സാങ്കേതിക വിദ്യയും മാനവികതയും സമന്വയിപ്പിക്കുന്ന ഇടമായി പൊതു വിദ്യാലയങ്ങൾ മാറുമ്പോൾ ഇത്തരം വിദ്യാലയങ്ങളിൽ നിന്ന് പുറത്തിറങ്ങുന്ന വിദ്യാർത്ഥികൾ പുത്തൻ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടാൻ കരുത്തരാകട്ടെ എന്ന ആശംസിക്കുന്നു. കുറുമ്പാല സ്കൂളിലെ ലിറ്റൽ കൈറ്റ്സ് അംഗങ്ങൾക്കും അവർക്ക് പരിശലനവും മാർഗ നിർദേശവും ലഭ്യമാക്കുന്ന ലിറ്റൽ കൈറ്റ്സ് മാസ്റ്റർ ഹാരിസ് സാറിനും കൈറ്റ് മിസ്ട്രസ് വിദ്യ ടീച്ചറിനും ഹൃദയം നിറഞ്ഞ അഭിനന്ദങ്ങൾ. ലിറ്റൽ കൈറ്റിസിന്റെ ഭാവി പ്രവർത്തനങ്ങൾക്ക് എല്ലാ പിന്തുണയും വാഗ്ദാനം ചെയ്യുന്നതോടൊപ്പം ആശംസകൾ നേരുകയും ചെയ്യുന്നു.






**മുഹമ്മദ് ഷാഫി.**
**പി.ടി.എ പ്രസിഡണ്ട്**
**ഗവ.ഹൈസ്കൂൾ കുറുമ്പാല**

## സന്ദേശം

*ജി.എച്ച്.എസ് കുറുമ്പാലയിലെ ഹൈസ്കൂൾ വിഭാഗം ലിറ്റിൽ കൈറ്റ്സ് മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നതിൽ പി.ടി.എ പ്രസിഡന്റ് എന്ന നിലയിൽ വളരെയധികം സന്തോഷിക്കുന്നു.*

*കടന്നുപോവുന്ന കലാലയ ജീവിതത്തിൽ എന്നും ഒരു ഓർമ്മയായ് നിൽക്കട്ടെ നമ്മുടെ ലിറ്റിൽ കൈറ്റ്സ് മാഗസിനും കുട്ടികളും.എല്ലാവിധ ആശംസകളും നേരുന്നു.*



# സന്ദേശം

ലിറ്റിൽ കൈറ്റ്സ് രണ്ടാം തവണയും മുന്നോട്ട്.ആധുനിക തലമുറയിൽ സാങ്കേതിക വിദ്യയുടെ പ്രാധാന്യം മനസ്സിലാക്കാനും അവയിൽ കണ്ടെത്തപ്പെടാത്തവയെ പുറത്ത് കൊണ്ട് വരാനും വേണ്ടി കേരള സർക്കാർ നടപ്പിലാക്കിയ ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതിയിൽ ഞങ്ങളും ഉൾപ്പെട്ടു.ഞങ്ങൾ ഞങ്ങളുയെ സൃഷ്ടികൾ കുറിക്കാൻ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു.കുറേ പേരുടെ പരിശ്രമത്തിനൊടുവിലാണ് മാഗസിൻ ഞങ്ങൾ പുറത്തിറക്കുന്നത്.വിദ്യാർത്ഥികൾക്ക് കൂടുതൽ അവസരങ്ങളാണ് ഇതിലൂടെ ലഭിക്കുന്നത്.കൈറ്റിന്റെ കുട്ടികൾ തീർച്ചയായും അടുത്ത തല മുറയിലെ സാങ്കേതിക വിദ്യകളെ വെല്ലുവിളിക്കുമെന്ന് തീർച്ചയാണ്.കഥ,കവിത,ഉപന്യാസം,ജീവചരിത്രം,ചിത്രങ്ങൾ തുടങ്ങിയ സൃഷ്ടികൾ മാഗസിനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.അടുത്ത തലമുറയ്ക്ക് ഇതൊരു മാതൃകയാവട്ടെ......

എല്ലാവർക്കും ഞങ്ങളുടെ ആശംസകൾ നേരുന്നു.



സ്റ്റുഡന്റ് എഡിറ്റർ

അർഷിദ എം.എ

# EDITORIAL BOARD MEMBERS



JOSAPH JERARD

(HEADMASTER)



VIDYA A (LK MISTRESS)



HARIS K (LK MASTER)

## STAFF EDITORS



GOPIDAS M S



SREEPADMA C T



SIBI T V



SATHYAN P K

# STUDENT EDITORS

LITTLE KITES LEADER



RABEEH C M

EDITOR



ARSHIDA M M



NAJIYA FARHANA



SANA PARVIN



HAMNA FATHIMA



MUHAMMED ANAS



## ജി. എച്ച്. എസ്. കുറുമ്പാലയെക്കുറിച്ച് ........................

പഴശ്ശിരാജാവ് കുറുമ്പാലക്കോട്ടയിൽ ഭരണത്തിലായിരിക്കുമ്പോൾ ഭരണസൗകര്യത്തിന് ഓരോ തറയായി ദേശങ്ങളെ തിരിച്ചു. തെക്ക് ഭാഗത്തെ ദേശം തെക്കുംതറയെന്നും പടിഞ്ഞാറ് ഭാഗത്തെ ദേശം പടിഞ്ഞാറത്തറയെന്നും കോട്ട നിൽക്കുന്ന ഭാഗം കോട്ടത്തറയെന്നും കുപ്പാടി അമ്പലം സ്ഥിതി ചെയ്യുന്നയിടം കുപ്പാടിത്തറയെന്നും അറിയപ്പെട്ടു. ഇന്നത്തെ പടിഞ്ഞാറത്തറ ഉൾക്കൊള്ളുന്ന ഭാഗം ഒരു കാലത്ത് കുറുമ്പാല അംശം എന്നായിരുന്നു അറിയപ്പെട്ടത്.

നൂറിന് നിറവിൽ നിലകൊള്ളുന്ന നമ്മുടെ വിദ്യാലയം 1911 സ്ഥാപിതമായി. മലബാർ ഡിസ്ട്രിക്ട് ബോർഡിൽ അധ്യാപകനായി നിയോഗിക്കപ്പെട്ട ശ്രീ കെ.ചാപ്പൻ അടിയോടി വയനാട്ടിൽ എത്തുകയും വിദ്യാലയ സാധ്യതകൾ അന്വേഷിച്ച് കുറുമ്പാലയിൽ ശ്രീ എം. പി. രാഘവമാരാരെ സമീപിക്കുകയും ചെയ്തതോടെ കുറുമ്പാല എന്ന വിദ്യാ ഹീനമായ ഈ പ്രദേശം അക്ഷര ഭൂപടത്തിൽ നെടുങ്കായം നേടുക ആയിരുന്നു. അദ്ദേഹം അനുവദിച്ച സ്ഥലത്ത് ആരംഭിച്ച വിദ്യാലയം അക്ഷരാർത്ഥത്തിൽ തന്നെ ഒരു ജനതയുടെ വിദ്യാസമ്പന്നരിൽ പ്രഥമസ്ഥാനം നേടുകയായിരുന്നു. ഈ സ്ഥാപനം പിൽക്കാലത്ത് സർക്കാർ ഉടമസ്ഥതയിൽ വരുകയും നിരവധി ഗുരുശ്രേഷ്ഠൻമാരാൽ അനുഗ്രഹീതമാവുകയും ചെയ്തു.

1981 അപ്പർ പ്രൈമറിയായി ഉയർത്തിയതോടെ വിദ്യാഭ്യാസം സുഖപ്രദമായി. തുടർന്ന് വാടക കെട്ടിടത്തിൽ നിന്നും മാറി സ്വന്തമായി ഭൂമി ലഭ്യമായതോടെ ഭൗതിക സൗകര്യങ്ങളുടെ കാര്യത്തിൽ അടിമുടി മാറ്റമുണ്ടായി.ഇപ്പോൾ സ്വന്തമായ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഈ വിദ്യാലയം 2013 ൽ സെക്കന്ററി സ്കൂളായി അപ്ഗ്രേഡ് ചെയ്തു .2016 ൽ ആദ്യ പത്താംക്ലാസ്സ് പരീക്ഷ എഴുതി.ഈ

വിദ്യാലയം ഇന്ന് ജില്ലയിലെ മികച്ച സമ്പൂർണ്ണ ഹൈടെക് ഹൈസ്കൂളായി മികച്ച നിലവാരത്തോടെ പ്രവര്ത്തിക്കുന്നു. പ്രീപ്രൈമറി മുതൽ പത്താം ക്ലാസ് വരെ ക്ലാസുകളിൽ 17 ഡിവിഷനുകളിലായി അഞ്ഞൂറോളം കുട്ടികൾ പഠനം നടത്തുന്നുണ്ട്.

അർപ്പണമനോഭാവത്തോടെ ആത്മാർത്ഥതയോടെ നിലകൊള്ളുന്ന അധ്യാപകരും അവർക്ക് മികച്ച പിന്തുണ നൽകുന്ന പി.ടി.എ.എം.പി.ടി.എ,എസ്.എസ്.ജി അംഗങ്ങളും നമുക്ക് മുതൽ കൂട്ടായുണ്ട്. മികച്ച ഭൗതിക സാഹചര്യങ്ങൾ ഇന്ന് വിദ്യാലയത്തിനുണ്ട്. പരിമിതികളേട്ടുംപരാധീനതകളോടും പോരാടി ഇന്നത്തെ സ്ഥിതിയിലേക്ക് സധൈര്യം നയിച്ച പൂർവിക ഗുരുവര്യന്മാരിൽ നന്ദിപൂർവ്വം നമുക്ക് ഈ വേളയിൽ ഓർക്കാം

## *വിജയകുതിപ്പിൽ ജി. എച്ച്. എസ് കുറുമ്പാല*

*2019-2020 അധ്യാന വർഷത്തിലെ പഞ്ചായത്ത് തല പ്രവേശനോത്സവം ഗവ. ഹൈസ്കൂൾ കുറുംമ്പാലയിൽ സമുചിതമായി ആഘോഷിച്ചു. വാദ്യമേളങ്ങളുടെ അകമ്പടിയോടെ അധ്യാപകരും പി.ടി.എ അംഗങ്ങളും പഞ്ചായത്ത് ഭാരവാഹികളും ചേർന്ന് നവാഗതരേ സ്വകരിച്ച അക്ഷര കിരീടമണിയിച്ച ബലൂണുകൾ നല്കിയും മധുരം നല്കിയുമാണ് കുരുന്നുകളെ വരവേറ്റത് ചടങ്ങില് സ്കൂൾ ഹെഡ് മാസ്റ്റർ ശ്രീ ശശീന്ദ്രൻ സർ സ്വഗതം ആശംസിച്ച പടിഞ്ഞാറത്തറ പഞ്ചയത്ത് വിദ്യഭ്യാസ സറ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ ഹാരിസ് അദ്ധ്യക്ഷത വഹിച്ചു.പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി നസീമ പൊന്നാണി പരിപാടി ഉദ്ഘാടനം ചെയ്തു. തുടർന്ന് നവാഗതർക്കുള്ള പാഠപുസ്തകം വിതരണം വാർഡ് മെമ്പർശ്രീ: സജേഷും പഠനോപകരണം വിതരണം ശ്രീമതി:ശാന്തിനി ഷാജിയും നിർവ്വഹിച്ചു.ചടങ്ങിൽ വിവിത വാർഡ് മെമ്പർമാരും സ്കൂൾ സീനിയർ അസിസ്റ്റന്റുമായ ശ്രീമതി:വിദ്യ, ശ്രീ:ഗോപിതാസ് എന്നിവരും ആശംസ അറിയിച്ചു.സ്റ്റാഫ് സെക്രട്ടറി അന്നമ്മ നന്ദി പ്രകാശിപ്പിക്കുകയും ചെയ്തു.*

*7-6-2019 ന് ജി.എച്ച്.എസ് കുറുമ്പാലയിലെ പരിസ്ഥിതി ക്ലബിന്റെ നേതൃത്വത്തിൽ 1-ാം ക്ലാസ് മുതൽ 10-ാംക്ലാസ് വരേയുള്ള വിദ്യാർതികൾക്ക് വൃക്ഷ തൈ വിതരണം ചെയ്തു. ബഹു ഹെഡ്മാസ്റ്റർ ശ്രീ ശശീന്ദ്രൻ തയ്യിൽ ചടങ്ങ് ഉദ്ഘാടനം ചെയ്തു. വയനാട് ജില്ലാ സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റെ നേതൃത്തിൽ 400 വൃക്ഷ തൈകളാണ് വിതരണം ചെയ്തത്.*

*19-6-19 ന് ജി.എച്ച്.എസ് കുറുമ്പാലയിൽ വായനാ പക്ഷാചാരണത്തിന്റെ ഭാഗമായി വിവിധ പരിപാടികൾ സ്കൂൾ അസംബ്ലിയിൽ തുടക്കം കുറിച്ചു. ഹെഡ്മാസ്റ്റർ വായനാദിന സന്ദേശം നൽകി.ഹൈസ്കൂൾ വിഭാഗത്തിൽ നിന്ന് കാവ്യ സന്തോഷ് എച്ചികാനത്തിന്റെ"ബിരിയാണി' എന്ന കൃതിയുടെയും സഫ്ന ഷെറിൻ, സുഭാഷ് ചന്ദ്രന്റെ - "പറുദീസ നഷ്ടം" എന്ന കൃതിയുടെ ആസ്വാദനകുറിപ്പുകൾ തയ്യാറാക്കി അവതരിപ്പിച്ചു. UP വിഭാഗത്തിൽ നിന്ന് ഫാത്തിമാ ഫാരിസ പത്ര വാർത്ത വായിച്ചു എൽ.പി വിഭാകത്തിൽ നിന്ന് നാജിയ എം ടി വാസുദേവൻ നായരുടെ "കാലം" എന്ന പുസ്തകം പരിജയപ്പെടുത്തി.*

*28/6/19 ന് സംസ്ഥാന കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഓണത്തിന് "ഒരു മുറം പച്ചക്കറി"പദ്ധതിയുടെ ഭാഗമായി സ്കൂളിൽ പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.പരിസ്ഥിതി ക്ലബ്ബ് ഭാരവാഹികളായ ശ്രീ:ബേസിൽ ജോർജ്,ശ്രീമതി അന്നമ്മ പി യു എന്നിവർ പരിപാടിക്ക് നേതൃത്വം നൽകി.*

5/7/2019 ന് ജി.എച്ച്.എസ് കുറുമ്പാലയിൽ ബഷീർ ദിനാചരണം,വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനം,വായനാ പക്ഷാചരണ സമാപനം എന്നിവ ആജരിച്ചു.ചടങ്ങിൽ ഹെഡ്മാസ്റ്റർ അധ്യക്ഷത വഹിച്ചു.ശ്രീ: സത്യൻ സാർ സ്വാഗതം ആശംസിച്ചു.കവിയിത്രിയും ജി.എച്ച്.എസ്.എസ് പടിഞ്ഞാറത്തറയിലെ അധ്യാപികയുമായ ശ്രീമതി :പ്രീത.ജെ പ്രിയദർശിനി ടീച്ചർ ക്ലബ്ബുകളുടെ ഉദ്ഘാടനം നിർവഹിക്കുകയും വായനയുടെ പ്രാധാന്യത്തെ പറ്റിയും വൈക്കം മുഹമ്മദ് ബഷീറിന്റെ കൃതികളെ പറ്റി സംസാരിക്കുകയും ചെയ്തു.ചടങ്ങുകൾക്ക് ശേഷം വിദ്യാർത്ഥികൾക്കായി ബഷീർ കൃതികളെ ആസ്പദമാക്കി ഡോക്യുമെന്ററി പ്രദർശിപ്പിച്ചു.തുടർന്ന് 4/7/19 ന് നടത്തിയ ക്ലാസ്തല വായനാ മൽസരത്തിലെ വിജയികളെ അനുമോദിച്ചു.

ജി.എച്ച്.എസ് കുറുമ്പാലയിൽ 2019-20 വർഷത്തെ ജനറൽ ബോഡി യോഗം രക്ഷിതാക്കളുടെയും അധ്യാപരുടേയും സജീവ പങ്കാളിത്തത്തോടെ 11/7/19 വ്യാഴായിച്ച ഉച്ചക്ക് 2:30 ന് ആരംഭിച്ചു.ഹൈസ്കൂൾ അധ്യാപകൻ സിബി ടി.വി 2018-19 വർഷത്തെ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു.യു.പി വിഭാഗം സീനിയർ അസിസ്റ്റന്റ് ഗോപി സർ 2018-19 അധ്യായന വർഷത്തെ വരവ് ചിലവ് കണക്കുകൾ അവതരിപ്പിച്ചു.പി.ടി.എ എം.പി.ടി.എ അംഗങ്ങളെ തിരഞ്ഞെടുത്തു.പി.ടി.എ പ്രസിഡന്റായി ശ്രീ മുഹമ്മദ് ഷാഫിയെയും പി.ടി വൈസ് പ്രസിഡന്റായി കെ .മുഹമ്മദിനേയും തിരഞ്ഞെടുത്തു.എം.പി.ടി.എ പ്രസിഡന്റായി സഫിയ ബഷീർ തിരഞ്ഞെടുക്കപ്പെട്ടു.

ജി.എച്ച്.എസ് കുറുമ്പാലയിൽ 2019 മാർച്ചിലെ എസ്.എസ്.എൽ.സി പരീക്ഷയിൽ മികച്ച വിജയം നേടിയ വിദ്യാർത്ഥികൾക്കായി അനുമോദന യോഗം 19/7/2019 ന് സങ്കടിപ്പിച്ചു.ഹൈസ്കൂൾ വിഭാഗം സീനിയർ അസിസ്റ്റന്റ ശ്രീമതി വിദ്യ ടീച്ചർ ചടങ്ങിന് സ്വാഗതം ആശംസിച്ചു.പഞ്ചായത്ത് പ്രസിഡന്റ ശ്രീ: എം.പി. നൗഷാദ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു.വയനാട് ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി: കെ.ബി. നസീമ ചടങ്ങ് ഉദ്ഘാടനം ചെയ്തു.ശ്രീമതി ശകുന്തള ഷൺമുഖൻ മുഖ്യ പ്രഭാഷണം നടത്തി.വിജയികൾക്കുള്ള ഉപഹാരം ശ്രീമതി: നസീമ നിർവഹിച്ചു.ചടങ്ങിൽ ശ്രീ:ഹാരിസ്, ശ്രീ:സജേഷ് ,ശ്രീ:ശശീന്ദ്രൻ തയ്യിൽ, ശ്രീ:മുഹമ്മദ് ഷാഫി,ശ്രീ:കാഞ്ഞായി ഉസ്മാൻ,ശ്രീ:സത്യൻ പി.കെ എന്നിവർ ആശംസകൾ അർപ്പിച്ചു.സ്റ്റാഫ് സെക്രട്ടറി ശ്രീ : സിബി ടി.വി. ചടങ്ങിന് നന്ദി പ്രകാശിപ്പിച്ചു.

24/7/2019 ന് ജി.എച്ച്.എസ്. കുറുമ്പാലയിൽ ചാന്ദ്രദിനം ആഘോഷിച്ചു.സയൻസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ 19/7/2019 ന് ക്ലാസ്തല ചാന്ദ്രദിന ക്വിസ് നടത്തുകയും ഓരോ ക്ലാസിൽ നിന്ന് 2 കുട്ടികളെ വീതം തിരഞ്ഞെടുത്ത് സ്കൂൾ തല മത്സരം നടത്തുകയും ചെയ്തു.എൽ.പി. യു.പി. എച്ച്.എസ് വിഭാഗങ്ങളിൽ നിന്നായി 4 കുട്ടികൾ അടങ്ങിയ 6 ടീം മത്സരത്തിൽ പങ്കെടുത്തു.അധ്യാപകരുടെ നേതൃത്വത്തിൽ ദൃശ്യ-ശ്രാവ്യ സങ്കേതങ്ങൾ ഉപയോഗിച്ച് ക്വിസ് നടത്തുകയും വിജയികളെ തിരഞ്ഞെടുക്കുകയും ചെയ്തു.തുടർന്ന് ഡോക്യുമെന്ററി പ്രദർശനം നടത്തുകയും ചെയ്തു.

15/8/19 ന് ജി.എച്ച്.എസ്. കുറുമ്പാലയിൽ സ്വാതന്ത്ര്യദിനാഘോഷം നടത്തി. ശ്രീ സത്യൻ സർ പതാകയുയർത്തി,സ്വാതന്ത്ര്യദിനസന്ദേശം നൽകി.ശേഷം വിദ്യാർത്ഥികൾക്ക് മധുരം നൽകുകയും അധ്യാപകർ വിവിധ കുട്ടികളുടെ ഗൃഹ സന്ദർശനം നടത്തുകയും ചെയ്തു.

2/9/19 ന് ജി.എച്ച്.എസ് കുറുമ്പാലയിൽ വിപുലമായ രീതിയിൽ ഓണാഘോഷം നടത്തി.രാവിലെ 10:00 ക്ക് പൂക്കള മത്സരത്തോടെ പരിപാടികൾ ആരംഭിച്ചു.തുടർന്ന് സീനിയർ അസിസ്റ്റന്റ് വിദ്യ ടീച്ചർ കുട്ടികൾക്ക് പ്രളയദുരിതാശ്വാസ പ്രതിജ്ഞ ചെല്ലിക്കൊടുത്തു .തുടന്ന് കുട്ടികൾക്കായി ബോൾ പാസിങ്ങ്,സൂചിയിൽ നൂൽ കോർക്കൽ,കസേരകളി തുടങ്ങിയ മത്സരങ്ങൾ സങ്കടിപ്പിച്ചു.ഉച്ചക്ക് വിപുലമായ ഓണ സദ്യയും കുട്ടികൾക്കായി ഒരുക്കി. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് ഗോപിസർ,വിദ്യ ടീച്ചർ,സിബി സർ,ഹാരിസ് സർ,ജിൻസി ടീച്ചർ,അർച്ചന

ടീച്ചർ,ലിജിന ടീച്ചർ തുടങ്ങിയവർ സമ്മാനദാനം നടത്തി.വിദ്യാർത്ഥികളുടേയും അധ്യാപകരുടേയും സജീവ പങ്കാളിത്തത്താൽ പരിപാടി വൻവിജയമായി മാറി.

6/9/2019 വെള്ളിയാഴ്ചജി.എച്ച്.എസ് കുറുമ്പാലയിലെ യു.പി വിഭാഗം ഹൈ-ടെക് ക്ലാസ് റൂമുകളുടെ ഉദ്ഘാടനം നടന്നു.പരിപാടിയിൽ സുനിൽ സർ സ്വാഗതം ആശംസിക്കുകയും വിദ്യ ടീച്ചർ ഉദ്ഘാടനം ചെയ്യുകയും ചെയ്തു.തുടർന്ന് 6-B ക്ലാസിൽ വെച്ച് ഹൈ-ടെക് ക്ലാസ് റൂമിന്റെ switch-on കർമ്മം ഗോപി സർ നിർവഹിച്ചു.സത്യൻ സാർ പരുപാടികൾക്ക് ആശംസ അറിയിക്കുകയും സ്റ്റാഫ് സെക്രട്ടറി സിബി സാർ നന്ദി അർപ്പിക്കുകയും ചെയ്തു.23-9-2019 ന് ജി.എച്ച്.എസ് കുറുമ്പാലയിൽ വച്ച് ഒഡീസി നൃത്ത പ്രദർഷണം നടത്തി."എസ്പിഐഎംസി-എംഎസിഎവൈ" എന്ന സംഘടനയുടെ കീഴിൽ സംസ്ഥാന കോ-ഓർഡിനേറ്റർ ശ്രീഉണ്ണിവാര്യർ സർ ആണ് സ്കൂളിലെ കുട്ടികൾക്കായ് നൃത്ത പ്രദർഷനം ഒരുക്കിയത്.നർത്തകി ഒഡീഷ സ്വദേശിനിയായ സുസ്മിത പാണ്ഡെ ആണ്. ചടങ്ങിൽ സത്യൻ പി.കെ സ്വാഗതം ആശംസിച്ചു. ഉദ്ഘാടനം ഹൈസ്കൂൾ സീനിയർ അസിസ്റ്റന്റ് വിദ്യ ടീച്ചർ നിർവഹിച്ചു.തുടർന്ന് സുസ്മിതാ പാണ്ഡെ വിദ്യാർഥകൾക്കായ് നൃത്തമവതരിപ്പിച്ചു.ശേഷം ഗോപിസാർ പരിപാടികൾക്ക് നന്ദി അർപ്പിച്ചു.

30-9-2019, 1-10-2019 ഈ ദിവസങ്ങളിലായി സ്കൂളിൽ കായികമേള സംഘടിപ്പിച്ച് പ്രൈമിറി,എൽ.പി,യു.പി,എച്ച്,എസ്,വിഭാഗങ്ങളിലായി നിരവധി വിദ്യാർത്ഥികൾ മേളയിൽ മാറ്റുരച്ചു. 2 ദിവസത്തെ മത്സര ഇനങ്ങൾക്ക് ശേഷം റെഡ് ഹൗസ് ജേതാക്കളായി. സമാപന സമ്മേളനത്തിൽ എച്ച്.എംഇൻ ചാർജ് ശ്രീമതി:വിദ്യടീച്ചർ വിജയുകൾക്കുള്ള സമ്മാന ദാനം നടത്തി.

19-10-2019, 21-10-2019 ദിവസങ്ങളിലായി സ്കൂളിൽ കലാമേള സംഘടിപ്പിച്ചു.ഉദ്ഘാടനം എച്ച് എം ശ്രീ ജോസഫ് ജറാൾഡ് സാർ നിർവഹിച്ചു.പി.ടി.എ പ്രസിഡന്റ് അധ്യക്ഷനായിരുന്നു. ശ്രീ അസീസ് മാഷ് പ്രത്യേക അതിഥിയായിരുന്നു. മേളയിൽ നിരവധി വിദ്യാർത്ഥികൾ മാറ്റുരച്ചു.വിദ്യാർത്ഥികളെല്ലാം വളരെ ആവേശത്തോടെയുംതാൽപര്യത്തോടെയും കൂടി പങ്കെടുത്തു.പരിപാടികൾക്കൊടുവിൽ ബ്ലൂ ഹൗസ് ജേതാക്കളായി. വിജയികൾക്ക് എച്ച്.എംട്രോഫികൾ വിതരണം ചെയ്തു. 26-10-2019 ന് ജി.എച്ച് എസ് കുറുമ്പാലയിൽ വെച്ച് ലിറ്റിൽ കൈറ്റ്സിന്റെ നേതൃത്വത്തിൽ അമ്മ മാർക്കായ് ക്ലാസ് സംഘടിപ്പിച്ചു. 1-11-2019 ന് കേരള പിറവി ദിനത്തോട് അനുബന്ധിച്ച് പ്രത്യേക അസംബ്ലി സംഘടിപ്പിച്ചു.അസംബ്ലിയിൽ മലയാള ദിന പ്രതിജ്ഞയും ഭരണഭാഷാ പ്രതിജ്ഞയും ചൊല്ലിക്കൊടുക്കുകയും എച്ച് എം ജോസഫ് സാർ കേരളപിറവി ദിന സന്ദേശം നൽകുകയും ചെയ്തു. തുടർന്ന ഒരാഴ്ച്ച ഭരണ ഭാഷ ദിനം കൊണ്ടാടുവാൻ സാർ കുട്ടികളോട് ആഹ്വാനം ചെയ്തു.

8-11-2019 ന് വിളിച്ച് ചേർത്ത അസംബ്ലയിൽ സബ് ജില്ല സംസ്ഥാന കലോത്സവങ്ങളിൽ മാറ്റുരച്ച വിദ്യാർത്ഥികളെ അനുമോദിക്കുകയും സമ്മാനങ്ങൾ വിതരണണം ചെയ്യുകയും ചെയ്തു. ഉറുദു ദിനാചാരണം നടത്തുകയും ചെയ്തു.

# വിഷം തീണ്ടിയ മനസ്സുകൾ

ഒരിടത്ത് വറ്റിവരണ്ട നദികൾ
മറ്റൊരിടത്ത് മതഭ്രാന്തർ
തീർത്ത ചോരകടൽ
സമാധാനം മോഹിച്ച പാവപ്പെട്ടവന്
ബാക്കി കൊലക്കത്തികൾ
തീർത്ത മുറിപ്പാടുകൾ
സ്വതന്ത്ര ഗീതങ്ങൾ
പാടിയ മനുഷ്യ ഹൃദയങ്ങളിൽ
വെളിച്ചമറ്റ് അന്ധകാരം മാത്രം
ബാക്കിയായ്
രക്തത്തെ മുലപ്പാലാക്കി
മാറ്റുന്ന പ്രകൃതിയിൽ
നന്മയുടെ നാമ്പുകൾ കത്തികരിക്കുന്ന
തീ ചൂളകൾ
കത്തി ജ്വലിക്കുന്ന സൂര്യനെപ്പോലെ



സന പർവിൻ 9 A

# അതിജീവനം

വയലുകൾ നികത്തി
ഫ്ലാറ്റുകളായി
കാടുകൾ വെട്ടി
മരുഭൂമിയായി
കുന്നുകൾ നികത്തി
അങ്ങാടികളായി
ഇത് കണ്ട് ആകാശം
പൊട്ടിക്കരയാൻ തുടങ്ങി
കണ്ണീര് ഭൂമിയിൽ
പതിയാൻ തുടങ്ങി
നിർത്താത്ത കരച്ചിൽ
ആ കരച്ചിലിൽ
ഭൂമിയെ വല്ലാതെ
സങ്കടപ്പെടുത്തി
അത് ഒരു വലിയ
പ്രളയമായി മാറി
കുറച്ചുകലെ കാലം
കടന്നു പോയി
കേരളം വീണ്ടും
അതിജീവിച്ചു



അർഷിദ എം.എം 9 A

# പുകവലി ആരോഗ്യത്തിന് ഹാനികരം



ഇന്ത്യയിൽ വളരെ അധികം വളർന്നു വരുന്ന ഒരു വലിയ ദുശീലമാണ് പുകവലി. നമ്മൾ വലിക്കുന്നില്ലെങ്കിലും അതിന്റെ ദോശഫലം നമ്മളിൽ പടരും. പുകവലിക്കുന്നവരുടെ അടുത്ത് നമ്മൾ നിൽക്കുമ്പോൾ നമ്മുടെ ശരീരത്തിലേക്ക് അണുക്കൾ കയറും.നമ്മുടെ ശരീരം കാത്ത് സൂക്ഷിക്കേണ്ടത് നമ്മളാണ്.പുകവലി തടയാൻ നമ്മളാൽ കഴിയുന്ന കാര്യങ്ങൾ ചെയ്യുക. പൊതു സ്ഥലങ്ങളിൽ പുകവലിനിരോധനം നടത്തുക. അഥവാ ആരെങ്കിലും നിരോധിക്കപ്പെട്ട സ്ഥലത്ത് നിന്ന് പുകവലി ചെയ്താൽ അവരോട് ഫൈൻ വാങ്ങണം. 18 വയസ്സ് ആവാത്ത കുട്ടികൾ പുകവലി ഉൽപ്പന്നങ്ങളിൽ അടിമയായി കൊണ്ടിരിക്കുകയാണ്.പുകവലി എല്ലാ സ്ഥലങ്ങളിലും നിരോധിച്ച് കൊണ്ടിരിക്കുകയാണ്.പുകവലി കാരണം ലക്ഷക്കണക്കിന് ജനങ്ങൾ മരിക്കുകയും. ക്യാൻസർ പോലുള്ള മാരകമായ രോഗങ്ങൾ വർദ്ധിക്കുകയാണ്. 18 വയസ്സ് പൂർത്തിയാകാത്തവർക്ക് പുകവലി ഉൽപ്പന്നങ്ങൾ കൊടുക്കരുത്. അത് ശിക്ഷാർഹമാണ്.



മുഹമ്മദ് ഷുമൈൽ 9 A

# സ്നേഹിതൻ

നിറപച്ചയിൽ നീ മഞ്ഞയായ്
ഇരുട്ടിലോ നീ പ്രഭ ചൊരിയും
നിലാവായി
ജീവിത സാകര അലകൾക്കിടയിൽ
നീ എനിക്ക് മാന്ത്രികാധ്യാപകനായ്

എന്റെ യാത്രയ്യുടനീളം
നീ അനുഭവ പൂഞ്ചോലകൾ ഒഴുക്കി
ഒഴുക്കിനെ മെരുക്കാൻ നിൻ
പാഠം എന്നെ പഠിപ്പിച്ചു



പതച്ച് പൊന്തുന്ന വെയിലിൽ
കണിക്കൊന്നയും മിന്നുന്നത് നീ കാണിച്ചു
അത് എന്നുള്ളിൽ ദീപത്തിന്റെ
ചൂട്ടും തണലുമേകി

എൻ കിനാക്കൾ നീ വീണ്ടും
എന്റെ ഉള്ളിൽ നട്ടു
പിന്നെ അതിൽ പൂവിട്ടു
നീ അതിന് വെള്ളവും
വളവും പകർന്ന്
ഒരു തണൽ മരമായ് വളർത്തി



റബീഹ് സി.എം 9 A

# സൗഹൃദം



സൗഹൃദം ഇല്ലെങ്കിലെന്തിനു ഈ ലോകം സുഹൃത്തേ
പലവട്ടം ഞാനുമോർത്തു എന്തിനീ സൗഹൃദം
ഏകയായി നടക്കാമെന്നോർത്ത നാളുകളേറെ
വെറുമൊരു പാഴ്വാക്കായി കണ്ടു ഞാൻ സൗഹൃദം


ഇന്ന് ഞാനറിയുന്നു എന്തിനി സൗഹൃദമെന്ന്
സുഹൃത്തായ നിന്നെ പിരിഞ്ഞൊരു ജീവിതമില്ലെനി
കുടുംബത്തേക്കാൾ നല്ലത് സൗഹൃദമാണെന്ന്
ഇന്ന് ഞാനറിയുന്നു ഈലോകത്തിൽ നിന്ന്

ഞാൻ ഏകയായൊരു നാളിൽ വന്ന്
കണ്ട് മുട്ടിയതാണെൻ മുന്നിൽ നീ
കണ്ടത് മുതൽ നീയില്ലാത്തൊരു നിമിഷം
എൻ ജീവിതത്തിലെ ഒരു പാഴ് നിമിഷമായ്പ്പോയി

പലനാളുകൾ കടന്ന് പോയി എൻ മുന്നിൽ
നീയെല്ലാതൊരു കൂട്ടില്ലെനിക്കീ ഭൂമിയിൽ
ദൈവം തന്നൊരു നിധിയാണെനിക്കു നീ
ഓർക്കുന്നു ഞാനിപ്പോയും നിൻ സ്നേഹം

ഷാക്കിറ ബാനു .എം 10 A

# പ്രളയം



*പെരും കാട്ടിൽ തീ പിടിച്ച പോലെ*

*മലയാള മനസ്സിനെ ഭീതിയിൽ ആഴ്ത്തിയ*

*ദുരന്തമാമൊരു പ്രളയം*
*വീടിനുള്ളിലെ അടുക്കളയിൽ തീ-*
*ആളുന്നത് പോലെ മലയാള മന-*
*സ്സിനുള്ളിൽ കൊടും തീ ആളുന്നത്*
*പോലൊരു പ്രളയം*

*ദുരന്തമാമൊരു പ്രളയം മണ്ണിൽ-*
*വരുവതിലൊരു ദുരന്തം*
*കൈകോർക്കുവിൻ നിങ്ങൾ ദുര-*
*ന്തത്തെ അതിജീവിക്കുവിൻ*
*കേരളീയർ*



*ബബിഷ്ണ 9 A*

# ലഹരി

ഒരു നഗരത്തിൽ ഒരു മകനും അമ്മയും ജിവിച്ചിരുന്നു. വളരെ പാവപ്പെട്ട ഒരു കുടുംബമയിരുന്ന അവന്റെ അമ്മ വളരെ കഷ്ട്പ്പെട്ടാണ് മകനെ വളർത്തിയിരുനത് മകൻ എന്ത് ചോദിച്ചാലും അമ്മ സാധിച്ച കൊടുക്കുമായിരുന്നു. അമ്മയ്ക്ക് അത്രയധികം ഇഷ്ട്മയിരുന്ന മകനെ വളരെ നല്ല മകനയിരുന്നു. നല്ല രീതിയിൽ അവർ ജിവിച്ച് പോവുകയായിരുന്നു. അങ്ങനെ മകൻ എസ്.എസ് എൽ.സി കഴിഞ്ഞു തുടർ പഠനത്തിന് വേറെ സ്കൂളിൽ ചേർന്നു. സ്കൂൾ മാറി അവന്റെ ഫ്രണ്ട്സും മാറി അതിൽ ചില ഫ്രണ്ട്സിന്റെ സ്വഭാവം വളരെ മോശമായിരുന്ന അവരുടെ കൂടെയായി പിന്നെ അവന്റെ കൂട്ട്.



അവന്റെ സ്വഭാവത്തിലെല്ലാം ഒരു മാറ്റം വരാൻ തുടങ്ങി. പിന്നെ പിന്നെ അവനിക്ക് അമ്മയെ വരെ തിരിച്ചറിയാൻ കഴിയാത്ത രീതിയിൽ അവർ ലഹരിക്ക് അടിമയായി. ഒരു ദിവസം അവനു അവന്റെ ഫ്രണ്ട്സുകളെയും കുട്ടി. അവന്റെ വിട്ടിൽ ഒരുമിച്ച് കുടി അവിടെ അവന്റെ അമ്മ ഉണ്ടയിരുന്നില്ല. അമ്മ എന്തോ ആവശ്യത്തിന് വേണ്ടി പുറത്ത് പോയതായിരുന്നു. അമ്മ ഇല്ലാത്തസമയം നോക്കി അവൻ എല്ലാവരെയും കുട്ടി മദ്യവും കഞ്ചാവും ഉപയോഗിക്കാൻ തുടങ്ങി. അവരുടെ സ്വബോധം നഷ്ട്പ്പെട്ടു. അമ്മ തിരിച്ച് വരുമ്പോൾ അവരെ കണ്ടതും അമ്മയുടെ ഹൃദയം തകർന്ന് പോയി.അവർ സ്വന്തം മകന്റെ അവസ്ഥ കണ്ടതും ആകെ തകർന്ന് പോയി ഈ സമയം അവനിക്കും അവന്റെ ഫ്രണ്ട്സിനും അമ്മ വെറും ഒരു സ്ത്രി മാത്രം ആയിരുന്നു അവർ. അവന്റെ സ്വന്തം അമ്മയെ പിച്ചി ചീന്തി അവനിക്ക് സ്വബോധം വരുമ്പോഴേക്കും അവനെ ഒരുപാട് സ്നേഹിച്ച് അവന് വേണ്ടി ജിവിച്ച അമ്മ ഈ ലോകത്തോട് വിടപറഞ്ഞിരുന്നു. ഇതിനെല്ലാം കാരണം അവന്റെ ലഹരി ആയിരുന്നു.

1. ലഹരി ഉപയോഗിക്കുന്നവരെ കണ്ടാൽ നമ്മൾ റിപ്പോർട്ട് ചെയുക .
2. ലഹരി വിൽക്കുന്ന ആളെ കണ്ടാൽ സ്ഥലം എസ് ഐ യെ അറിയിക്കുക.
3. ലഹരി വിമുക്ത ക്ലാസുകൾ സംഘടിപ്പിക്കുക.



സന പർവിൻ 9 A

# മഴയാലെ വന്ന പ്രളയം



മഴയാലെവന്നൊരു പ്രളയം നമ്മുടെ
നാടിനെ ഒന്നാകെ മാറ്റി മറിച്ചു
ഓണവുമില്ല പെരുന്നാളുമില്ല
ആകെ എല്ലാവരും സങ്കടത്തിലായ്
ചോർന്നൊലിച്ചൊരു കൂരയിൽ
ഞാനും ഇരുന്നു പോയി ദുഃഖിതയായി
വെക്കാനോ വിളമ്പാനോ ഒന്നുമില്ല
ആഴ്ച്ചകളങ്ങനെ നീങ്ങിപ്പോയി
ഒടുവിൽ വന്നെത്തി ദുരിതാശ്വാസമേകുവാൻ
ഒട്ടേറെ പേർക്കത് ആശ്വാസമായ്
എല്ലാം ഇട്ടെറിഞ്ഞ് ഞാനും ചെന്നെത്തി
ആ ദുരിതാശ്വാസ മുറിക്കുള്ളിൽ ഏകയായ്
ആഴ്ച്ചകളങ്ങനെ കടന്നു പോയി
ദിശ മാറി മഴിയെങ്കിലും
ദുരിതത്തിനൊരുമാറ്റവും വന്ന-
തില്ലതിനപ്പുറം ഉള്ള കൂരയും ഇല്ലാതായി

ഷാക്കിറാബാനു 10 A

# അമ്മ



മുത്തുവും അവന്റെ അമ്മയും അച്ഛനും അടങ്ങുന്ന ഒരു കൊച്ചു കുടുംബം . പക്ഷെ അവന്റെ നാലാം വയസ്സിൽ തന്നെ അഛൻ മരിച്ചു. എന്റെ എല്ലാ കാര്യങ്ങളും നോക്കിയത് എന്റെ അമ്മയാണ്. മറ്റുള്ളവരുടെ വീട്ടിൽ പാത്രം കഴുകിയാണ് ഞങ്ങളുടെ ജീവിതം കഴിഞ്ഞു പോയത്. എനിക്ക് എഞ്ചനീയറിങ് ആവാൻ ആയിരുന്ന ആഗ്രഹം അവന്റെ ആഗ്രഹം പോലെ അവൻ അത് പൂർത്തിയാക്കി. എല്ലാ ക്ലാസിലും നല്ലവണ്ണം പടിച്ചു പാസ്സായി.അവന് ഒരു കുറവും അമ്മ വരുത്തിയില്ല. പിന്നെ അവൻ എഞ്ചിനീയർ ആയി. ഒരു വലിയ വീട് വാങ്ങി പിന്നെ അവൻ ആ വീട്ടിൽ പോയി. അമ്മക്ക് വളരെ പ്രായം ആയിരുന്നു. അവൻ വലിയ വീടും ജോലിയുമൊക്കെ കിട്ടിയപ്പോൾ അമ്മ എന്ന വിചാരം അവനുണ്ടായിരുന്നില്ല. അമ്മയാണ് ഇത്രയും കഷ്ടപ്പെട്ട് വലുതാക്കി എന്ന ഒരു ബോധം പോലും അവനുണ്ടായിരുന്നില്ല. ഒരുപാട് പണവും പതവിയും ലഭിച്ചപ്പോൾ അവന് അവന്റെ അമ്മയെ ഭാരമായി തോന്നുകയും അച്ഛനില്ലാതെ വളർത്തിയ അമ്മയെ എല്ലാം മറന്ന് വൃദ്ധസദനത്തിൽ കൊണ്ടിടുകയും ചെയ്തു. അങ്ങനെ അവൻ അവന്റെ സുഖത്തിനും വേണ്ടി ഒരു വിവാഹം കഴിച്ചു. അവൻ അവന്റെ ഭാര്യയുമായി ആർഭാടമായി ജീവിക്കുമ്പോൾ അപ്പുറത്ത് നൊന്തു പ്രസവിച്ച അമ്മ വളരെ കഷ്ടതയോടെ ജീവിക്കുന്നത് അവൻ ഓർത്തതേയില്ല. അവൻ അവന്റെ ഭാര്യയുമായി സന്തോഷത്തിലായി ജീവിക്കുന്നതിനിടയിൽ അവർ തമ്മിൽ ഒരു പ്രശ്നം ഉണ്ടായി. അവന്റെ ഭാര്യ അവനെ വിട്ട് പോയി. അവൻ കുറച്ച് ദിവസം ഒറ്റക്ക് ജീവിച്ചു. അപ്പോൾ അവന് അവന്റെ അമ്മയെ കുറിച്ച് ഓർമകൾ വന്നു. അമ്മയെ കുറിച്ച് ഓർത്തപ്പോൾ ഒരു പാട് സങ്കടം ആയി. ചെയ്ത് പാപങ്ങൾ ഓർത്ത് അവന്റെ അമ്മയെ തിരിച്ച് കൊണ്ട് വരാൻ ആ വൃദ്ധസദനത്തിലേക്ക് പോയി. പക്ഷെ അവന് അമ്മയെ കാണാൻ കഴിഞ്ഞിരുന്നില്ല. ആ അമ്മ മരിച്ച് പോയിരുന്നു. ഈ ന്യൂജൻ കാലഘട്ടത്തിലെ എല്ലാ മക്കളും അമ്മ വളർത്തി വലുതാക്കാൻ മാത്രം ഉണ്ടായ ഒരു ആയ ആയും, അച്ചൻ പണം തരാനുള്ള ഒരു എ.ടി.എം ആയും ആണ് കാണുന്നത്.



ഷംന ഷെറിൻ 9 A

# میری پیاری ہے ماں

میری پیاری ہے ماں
میری اچھی ہے ماں
میری سب ہے ماں
میری روشنی ہے ماں
میری ماں کی لب میں ہے ذکر
میری ماں کی دل میں ہے فکر
میری ماں کی قدم میں ہے جنّت
میری ماں کی قلب میں ہے محبت
میری ماں کی دل میں ہے بھلائی
میری ماں کی سوچ میں ہے سچھائی
میری ماں کی کام میں ہے اچھائی
میری ماں کی ہاتھو میں ہے نیشانی
کوئی نہیں میری ماں کی بدل
کوئی نہیں اس دیا کا بدل
کوئی نہیں اس بھلائی کی بدل
کوئی نہیں اس پیار کی بدل



فسیحا تسنی 9A



# വീണ്ടെടുക്കാം പ്രകൃതി

നാം പ്രകൃതി സ്നേഹികളാണോ ?

നമുക്ക് പലപ്പോഴും സംശയമുള്ള ചോദ്യമാണിത്. പ്രകൃതിയെ സംരക്ഷിക്കണമെന്നുണ്ട് പക്ഷേ ചില കാര്യങ്ങളിൽ അവയെ നമ്മൾ തന്നെ നശിപ്പിക്കാറുമുണ്ട്. കൂട്ടുകാരെ പ്രകൃതി ഒരു വരതാനമാണ്. ദൈവത്തിന്റെ അനുഗ്രഹമാണ്. എന്ത് മനോഹരമായിരുന്നു നമ്മുടെ പ്രകൃതി.പച്ചയിൽ മുങ്ങിയ കാടുകൾ,പച്ച വിരിച്ച വയലുകൾ, കളകളാരവം ഒഴുകുന്ന നദികൾ,ആകാശം മുട്ടെ നിൽക്കുന്ന പർവതങ്ങൾ,പരന്നു കിടക്കുന്ന സമുദ്രങ്ങൾ കണ്ണുതള്ളുന്ന കാഴ്ചകൾ.

ദശലക്ഷം വർഷങ്ങൾ കൊണ്ട് ഉണ്ടാകുന്ന ഒരോഭ്രൂരൂപങ്ങൾ,വളഞ്ഞും നിവർന്നും ഒഴുകുന്ന നദികൾ എല്ലാം ഇന്ന് അപൂർവ്വം. ആ സ്ഥലത്ത് ഇന്ന് അങ്ങാടികൾ വയലുകളുള്ളയിടത്ത് നിരവധി കെട്ടിടങ്ങൾ,മരങ്ങൾ മുറിച്ച് മരുഭൂമിയാക്കി.പ്രകൃതിയെ നാം ക്രൂരമായി ചൂഷണം ചെയ്യുകയാണ്.പിന്നെങ്ങനെ പ്രകൃതി നമ്മോട് പ്രതികരിക്കാതിരിക്കും.പ്രളയം വരുമ്പോഴും ഭൂകമ്പം വരുമ്പോഴും സുനാമി വരുമ്പോഴും നമ്മൾ പറയും ദൈവം എന്തിന് നമ്മെ ഇങ്ങനെ പരീക്ഷിക്കുന്നു എന്ന്. ദൈവത്തിന്റെ പ്രകൃതിയെ ചൂഷണം ചെയ്യുമ്പോൾ ദൈവം നമ്മെ പരീക്ഷിക്കുന്നു.

ഒരു കാലത്ത് വെളിച്ചമില്ലാതെ കഴിഞ്ഞ മനുഷ്യർ പ്രകൃതിയെ തോൽപ്പിച്ച് വൈദ്യുതി ഉണ്ടാക്കി വെളിച്ചം വരുത്തി.മഴ വന്നപ്പോൾ പുറത്തിറങ്ങാത്ത മനുഷ്യർ കുടയുണ്ടാക്കി പുറത്തിറങ്ങാൻ തുടങ്ങി.വീടില്ലാത്ത മനുഷ്യർ വീട് ഉണ്ടാക്കാൻ പ്രകൃതിയിലെ വസ്തുക്കൾ ഉപയോഗിച്ചു.മരങ്ങളുടെ ഇല കൊണ്ടും മൃഗങ്ങളുടെ തൊലി കൊണ്ടും മറ്റു കൊണ്ടും ഉണ്ടാക്കി വസ്ത്രങ്ങൾ ധരിച്ച മനുഷ്യർ കോട്ടൺ

തുണികൊണ്ടുള്ളതും മറ്റുള്ളതു കൊണ്ടും വസ്ത്രങ്ങൾ ഉണ്ടാക്കി വസ്ത്രം ധരിച്ചു. ചൂടുകാലത്ത് നേരിയ വസ്ത്രങ്ങൾ തണുപ്പുകാലത്ത് ചൂടുകുപ്പായങ്ങൾ അങ്ങനെ പലതും നാം ഉണ്ടാക്കി പ്രകൃതിയെ തോൽപ്പിച്ചു പ്രകൃതി കൂട്ട പലിശപോലെ കൂട്ടി വെച്ചു. കാല ക്രമേണെ മനുഷ്യർ കൂടുതൽ കൂടുതലായി വളരെ ക്രൂരമായി പ്രകൃതിയെ ചൂഷണം ചെയ്തുകൊണ്ടേയിരുന്നു. പ്രകൃതിക്ക് താങ്ങാൻ പറ്റുന്നതിലും അധികമായപ്പോൾ പ്രകൃതിയിലെ ഓരോ വസ്തുക്കളെയും നാം നശിപ്പിച്ചപ്പോൾ പ്രകൃതി നമ്മളിലെ ഒരോരുത്തരേയും കൊന്നു. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് 2018-2019 ലെ പ്രളയം. പ്രളയത്തിൽ നമ്മുടെ ബന്ധുകളിൽ നിന്നും ജീവൻ നഷ്ട്പെട്ടവർ ധാരാളം. നമുക്ക് അപ്പോൾ ഉണ്ടായിരുന്ന സങ്കടം,നമ്മൾ പ്രകൃതിയെ നശിപ്പിക്കാൻ ശ്രമിച്ചപ്പോൾ പ്രകൃതിക്കും സങ്കടം ഉണ്ടായിരുന്നു എന്ന് നാം ഓർക്കുക. പ്രകൃതിയെ സംരക്ഷിക്കുക. മരങ്ങൾ നട്ടുപിടിപ്പിച്ചും കുന്നുകൾ ഇടിക്കാതെയും വയലുകൾ നികത്താതെയും പുഴയിൽ നിന്ന് മണൽ കോരാതെയും പുഴകളിൽ മാലിന്യമിടാതെയും അങ്ങനെ പലതും ചെയ്ത് സംരക്ഷിക്കാം. അടുത്ത തലമുറയ്ക്ക് വേണ്ടി ആ പഴയ സുന്ദര പ്രകൃതി തിരിച്ചെടുക്കാം. അടുത്ത തലമുറ പ്രകൃതിയെ സംരക്ഷിച്ച നമ്മളെ ആദരിക്കട്ടെ, നമ്മുടെ പ്രകൃതി സംരക്ഷണം അടുത്ത തലമുറയ്ക്ക് ഒരു മാതൃകയാവട്ടെ. പ്രകൃതിയെ വീണ്ടെടുക്കാം സംരക്ഷിക്കാം അടുത്ത തലമുറയ്ക്ക് വേണ്ടി കാത്തു വെക്കാം.

പ്രകൃതി ദൈവത്തിന്റെ വലിയ ഒരു അനുഗ്രഹമാണ്.



അർഷിദ എം.എം 9 A

# വിശപ്പ്

ഓർമ്മകളുടെ താളുകൾ എന്നെ പിന്നിലേക്ക് യാത്രയാക്കുകയാണ് നിലാവുള്ള രാത്രിയിൽ മണ്ണെണ്ണവിളക്കിന്റെ പ്രകാശത്തിൽ പുസ്തകതാളുകളിൽ വീണടഞ്ഞ മയിൽപീലികൾകിടയിലൂടെ. ദാരിദ്ര്യത്തിന്റെ നേർക്കാഴ്ച്ചകൾ കണ്ടും രുചിച്ചും പോകുന്ന എന്റെ ബാല്യം വിശപ്പിന്റെ വിളിയാളം തീ നാളമായ് മാറി കൊണ്ടിരിക്കുമ്പോഴും സ്നേഹത്താൽ ആശ്വാസം നൽകിയ ചില കാരണങ്ങളുണ്ടായിരുന്നു. ഇന്ന് വിശപ്പ് എന്തെന്നറിയാതെ നടക്കുന്ന ബാല്യങ്ങൾ . വേണ്ടതെന്തെന്ന വെച്ച് എല്ലാം വാങ്ങി കൊടുക്കാൻ തയ്യാറയി നിൽക്കുന്ന മാതപിതാക്കൾ.വിശപ്പറിയാതെ തിന്നും കളഞ്ഞും നടക്കുമ്പോൾ ഒട്ടിയ വയറുമായി ഒരു നേരത്തെ അന്നത്തിനായ് കേഴുന്ന വേഴാമ്പലുകളെ പോലുള്ള പൈതങ്ങൾ ഇന്നും നമ്മുടെ ചുറ്റുപാടുകളിൽ ജിവിക്കുന്നുണ്ട്.കണ്ണു തുറന്ന് അന്ധരാകുന്ന മനുഷ്യർക്കിടയിൽ എവിടെയെക്കെയെചിതരറിവീണ ചില ജീവിതങ്ങൾ മറ്റുള്ളവരുടെ ജീവിതത്തിലേക്ക് ഇടക്കൊക്കെ എത്തിനോക്കണം എപ്പൊഴോ സ്വന്തം ജീവിതത്തിൽ ദൈവം തന്ന അനുഗ്രഹങ്ങളെ നമുക്ക് കാണാൻ സാധിക്കുകയുള്ളൂ. വിശപ്പ് എന്തെന്നറിഞ്ഞവൻ അവനാണ് ലോകത്തെ അറിഞ്ഞവൻ ഒരിക്കലെങ്കിലും വിശപ്പിന്റെ വിളിയാളം നമ്മുടെ യൊക്കെ കുടലുകൾ അറിഞ്ഞിരിക്കണം എങ്കിലെ വിശന്നവന്റെ വേദനകളെ നമുക്ക് മനസ്സിലാക്കാൻ കഴിയൂ വിശപ്പ് അതൊരു വികാരമാണ് അതനുഭവിച്ചവന് അതിനേക്കാൾ വലിയൊരു അനുഭവം കാണില്ല . മനുഷൻ മനുഷ്യ നാവുന്നത് മനുഷ്യരുടെ വേനകൾ മനസ്സിലാക്കുമ്പോഴാണ് എന്റെ ബാല്യങ്ങളിൽ ഞാനറിഞ്ഞ വിശപ്പ് അതായിരുന്ന എന്റെ ഏറ്റവും വലിയ അനുഭവം ഓരോ മനുഷ്യർക്കും ഓരോ കഥയുണ്ട് ഒരുപക്ഷെ അവരുടെ ജീവിതങ്ങളിൽ പിന്നീട് മധുരമുള്ള ഓർമകളായ് അവശേഷിക്കുന്നവ ഇതൊക്കെ ആയിരിക്കും.



അർഷിദ പി 9A

# اردو زبان

میری پیاری زبان ہے اردو
میری بولی زبان ہے اردو
میری محبت کی شان ہے اردو
سب کو پیای زبان ہے اردو

اردو ہے میری پیاری زبان

اردو ہے میری پیای زبان
لوگوں کی اپنی پیای زبان
آنگوں کی آنگوں سے نیاری زبان
میری زبان سب کو پیاری زبان

اردو ہے میری پیاری زبان

گیت اور غزلوں کا زبان
کہانی اور افسانوں کا زبان
دوستی اور ایکتا کا زبان
محبت اور پیار کا زبان

اردو ہے میری پیاری زبان

سارے وطن کا زبان ہے اردو
ساری لوگ کا زبان ہے اردو
آزادی کے جان تھی اردو
تہذیب کی پاسبان ہے اردو



فسیحا تسنی 9

# എന്നെന്നേക്കുമായി



ഒരു മനോഹരമായ സ്വപ്നം കണ്ട് അതിൽ മുഴുകി ഇരിക്കുകയായിരുന്ന ഞാൻ പെട്ടന്നാണ് "മോളെ മോളെ" എന്ന് അമ്മ വിളിക്കുന്നത് കേട്ടത് ആദ്യമൊന്നും തലപൊക്കാൻ കഴിഞ്ഞില്ല. പിന്നെ അമ്മയുടെ വിളിനിൽക്കുന്നില്ല എന്ന് കണ്ടപ്പോൾ ഞാൻ എണീറ്റു . അപ്പോഴതാ ക്ലോക്കിൽ 7 മണി അടിക്കുന്നു. ഇന്നലെ നേരം വൈകിയാണ് കിടന്നത് അതുകൊണ്ടാണ് ഇത്ര ക്ഷീണം എന്ന് കരുതി ഞാൻ അകത്തേക്ക് പോയി അവിടെ എന്റെ അനിയത്തി അമ്മയോട് വാശി പിടിച്ച് ദേഷ്യത്തോടെ അച്ഛന്റെ മടിയിൽ ഇരിക്കുന്നുണ്ടായിരുന്നു . മൂന്ന് വയസ്സ് മാത്രം പ്രായമുള്ള അവളെ ഞങ്ങൾക്ക് എല്ലാവർക്കും വളരെ ഇഷ്ടമാണ് വാവേന്ന് വിളിച്ചാൽ ഓടി വന്ന് കാലിൽ പിടിക്കും പിന്നെ അവളെ എടുത്ത് അവൾ പറയുന്നിടത്തൊക്കെ കൊണ്ട് പോവണം.അവള് പറയുന്നത് അനുസരിച്ചില്ലേൽ പിന്നെ മിണ്ടൂലാന്നും പറഞ്ഞ് ഒറ്റ പോക്കാ. അവളുടെ ആ കളികളൊക്കെ കാണാൻ ഞങ്ങൾക്ക് എല്ലാവർക്കും വളരെ ഇഷ്ടമാണ് യഥാർത്ഥത്തിൽ ഞങ്ങളുടെ വീട്ടിൽ എല്ലാവരെയും സന്തോഷിപ്പിച്ചിരുന്നത് അവളാണ്. പിന്നെ ഞങ്ങൾക്ക് വേണ്ട തൊക്കെ വാങ്ങിത്തന്നും ഇടയ്ക്കിടെ പുറത്ത് കൊണ്ടു പോയും കുസൃതികൾ കാണിക്കുമ്പോൾ ശകാരിച്ചും ഞങ്ങൾക്ക് തികച്ചും ഒരു നല്ല ജീവിതം നയിക്കുന്നതിന് വേണ്ടിയുള്ള എല്ലാകാര്യങ്ങളും ചെയ്ത് തരുന്ന ഞങ്ങളുടെ ഒരു നല്ല സുഹൃത്തായിരുന്ന ഞങ്ങളുടെ അച്ഛൻ . പിന്നെ ഞങ്ങൾക്ക് നല്ല നല്ല കഥകൾ പറഞ്ഞു തന്നും നല്ല നല്ല പാട്ടുകൾ പാടിത്തന്നും. പുതിയ പുതിയ കളികൾ പടിപ്പിച്ച

തരുകയും എല്ലാ കാര്യങ്ങളിലും ഞങ്ങളെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന ഞങ്ങളുടെ മുത്തശ്ശി. പിന്നെ ഞങ്ങളുടെ എല്ലാ കാര്യങ്ങളും ശ്രദ്ധിക്കുകയും ഞങ്ങൾക്ക് വേണ്ട എല്ലാ കാര്യങ്ങളും ഒരുക്കി തരുകയും ചെയ്യുന്ന ഞങ്ങളുടെ സ്വന്തം അമ്മ. പിന്നെ ഞാനും ചേർന്നതാണ് ഞങ്ങളുടെ കുടുംബം. തികച്ചും സന്തോഷം നിറഞ്ഞ ഒരു ജീവിതമായിരുന്നു ഞങ്ങളുടേത് . അങ്ങനെ ഞാൻ കുളിച്ച് മാറ്റി സ്കൂളിലേക്ക് പോയി എന്റെ വീടിനടുത്തുള്ള കുട്ടികളോടൊപ്പമാണ് ഞാൻ സ്കൂളിലേക്ക് പോവാറ്. വീട്ടിൽ നിന്ന് നടന്ന് പോവേണ്ട ദൂരമേ സ്കൂളിലേക്ക് ഉണ്ടായിരുന്നുള്ളു. അങ്ങനെ കൂട്ടുകാരോടൊപ്പം ഞാൻ സ്കൂളിലേക്ക് പോയി.ഞാൻ പഠിക്കാൻ അത്ര മിടുക്കി ഒന്നുമായിരുന്നില്ല എന്നാലും അത്യാവശ്യം നന്നായി പഠിക്കുമായിരുന്നു . അങ്ങനെ ഇരിക്കെ ഞങ്ങൾ ഒരു മൽസരത്തിൽ പങ്കെടുത്തിരുന്നു .അതിൻെറ ഫലം കാത്തിരിക്കുകയായിരുന്നു .അങ്ങനെ ഇരിക്കെ എന്റെ കൂട്ടുകാരി അമ്മു എന്നോട് വന്ന് പറഞ്ഞു മാളു നിനക്കാണ് ഒന്നാം സ്ഥാനം എനിക്ക് സന്തോഷം സഹിക്കാൻ വയ്യായിരുന്നു. പിന്നെ എനിക്ക് വീട്ടിലേക്ക് പോവാനുള്ള തിരക്കായിരുന്നു. വാവക്ക് ഏറ്റവും ഇഷ്ടമുള്ള മധുരമാർന്ന മിഠായിയും വാങ്ങി ഞാൻ വീട്ടിലേക്ക് പോയി. എന്നാൽ ഞാൻ വീട്ടിലെത്തിയപ്പോൾ പതിവിലും കുറെ അതികം ആളുകളുണ്ടായിരുന്നു . ആദ്യമൊക്കെ ഞാൻ കരുതി ബന്ധുക്കളൊ മറ്റുമായിരിക്കും എന്ന്. എന്നാൽ പിന്നിടാണ് എനിക്ക് മനസ്സിലായത് എന്റെ അമ്മയെയും അച്ഛനെയും വാവയെയും മുത്തശ്ശിയെയും അവസാനമായി കാണാൻ വേണ്ടി എത്തിയവരാണെന്ന്. ഞാൻ അകത്തേക്ക് പോയി. എന്റെ ഉള്ള് വല്ലാതെ നീറുന്നുണ്ടായിരുന്നു. എന്നേക്കാൾ എന്റെ കയ്യിലുള്ള വാവയ്ക്ക് ഏറെ ഇഷ്ടപ്പെട്ട മധുരമാർന്ന മിഠായി എന്റെ കയ്യിലിരുന്ന് നീറുന്നുണ്ടായിരുന്നു. ഞാൻ ഇപ്പോഴും ഓർക്കുന്നു ഞാനില്ലാത്ത ഒരു ദിവസം പോലും ചിന്തിക്കാൻ പോലും കഴിയില്ല എന്ന് അച്ഛൻ പറഞ്ഞത് . ഇതുവരെ നിങ്ങളാരും എന്നെ ഒറ്റക്കാക്കി എവിടെ യും പോവാറില്ലല്ലോ പിന്നെന്തിനാ ഇപ്പോ ഈ മാളുനെ കൂട്ടാതെ പോയത് എന്നും ചോദിച്ച് കുറേ കരഞ്ഞു . ഓർത്ത് ഓർത്ത് ഇപ്പോഴും കരയുന്നു . അതൊരു ആക്സിഡന്റായിരുന്നു . ഞാൻ വിജയിച്ച വിവരം ആദ്യം അറിഞ്ഞത് അവരായിരുന്നു . അമ്മയുടെ ഫോണിൽ നന്നു ടീച്ചറുടെ ഫോണിലേക്ക് പോയ ഒരു ഫോൺകോൾ കാരണമായിരുന്നു അവരതറിഞ്ഞത്. എനിക്ക് വേണ്ടി അവർ ഒരു യാത്ര പോവാൻ തീരുമാനിച്ചതും എന്നാൽ വിധി അവരെ എന്നെന്നേക്കുമായി എന്നിൽ നിന്നും അകറ്റി. ഒരിക്കലും കാണാനാവാത്ത ദൂരത്ത്. എന്റെ വാവയുടെ പുഞ്ചിരി മായാത്ത ആ മുഖം എന്നും തേങ്ങുകയാണ് ഞാൻ ഇന്നും ആഗ്രഹിക്കുകയാണ് അവരെ ഒന്ന് കാണാൻ.



ഫസീഹ തസ്നി 9 A

# സ്വയം തിരിച്ചറിയൂ ... പോരായ്മകൾ പരിഹരിക്കൂ ...



ഒരു ധനികൻ അയാളുടെ തോട്ടത്തിലെ പാഴ് മരങ്ങൾ എല്ലാം മുറിച്ച് മാറ്റാൻ ഒരു മരം വെട്ടുകാരനെ ഏൽപിച്ചു ഒന്നാമത്തെ ദിവസം അയാൾ ഉത്സാഹത്തോടെ നാല് മരം മുറിച്ചു . മഴുവാണ് അദ്ദേഹത്തിന്റെ ആയുധം . രണ്ടാം ദിവസം ആയപ്പോൾ മൂന്ന് മരമേ മുറിച്ചു മാറ്റാൻ കഴിഞ്ഞുള്ളു . മൂന്നാം ദിവസം അത് രണ്ടായി മാറി . അന്ന് ധനികൻ തോട്ടത്തിൽ എത്തി ഓരോ ദിവസം കഴിയന്തോറും മരം വെട്ടുന്നതിന്റെ എണ്ണം കുറയുന്നത് കണ്ട് അയാൾ ക്ഷോഭിച്ചു . “ ധനികൻ പറഞ്ഞു നീ ഇനി ഈ പണി തുടരണ്ട " മരം വെട്ടു കാരൻ പറഞ്ഞു അയ്യോ അങ്ങനെ പറയരുതേ ഞാൻ എല്ലാ ദിവസവും രാവിലെ മുതൽ വൈകുന്നേരം വരെ വിശ്രമം ഇല്ലാതെ ജോലി ചെയ്യുന്നുണ്ട് എനിക്ക് ജീവിക്കാൻ വേറെ മാർഗമില്ല നിന്റെ വേല എന്റെ അടുത്ത് വേണ്ട മരം വെട്ടുകാരൻ തലതാഴ്ത്തി നിന്നു എന്ത് പറയണമെന്ന് അയാൾക്ക് അറിയില്ല . തന്റെ അധ്വാനം കുറയുന്നില്ലെങ്കിലും അധ്വാനത്തിന്റെ ഫലം കുറയുന്നു . അയാൾ ഏറെ നേരം ആലോജിച്ചു . അന്ന് നേരമിരുട്ടിയിട്ടും അയാൾ മരം മുറിച്ചു കൊണ്ടിരുന്നു . വളരെ വ്യസനത്തോടെ ആണ് അയാൾ തിരിച്ചു പോയത് രാത്രി അയാൾക്ക് ഉറക്കം വന്നില്ല. പിറ്റേന്ന് രാവിലെ മഴു മൂർച്ച കൂട്ടാതെ ചെന്നാൽ മുതലാളി ചീത്ത പറഞ്ഞില്ലെങ്കിലേ അത്ഭുതം ഉള്ളു . മൂർച്ചയേറിയ മഴുവുമായി അയാൾ നേരെ തോട്ടത്തിലേക്ക് പോയി . അത്ഭുതം ! ഉച്ച ആയപ്പോൾ തന്നെ നാല് മരം കൊത്തി . മഴുവിന് മൂർച്ചയില്ലെങ്കിൽ എങ്ങനെയാണ് പണി നീങ്ങുക? അയാൾ ചിന്തിച്ചു അപ്പോഴതാ ആ വഴി " ഒരു അപരിചിതൻ കടന്നുവന്നു . ഇയാൾ വിശമിച്ചിരിക്കുന്നത് കണ്ട് അയാൾ ആ മരം വെട്ടുകാരന്റെ അടുത്ത് പോയി എന്നിട്ട് ചോദിച്ചു "നിങ്ങൾ എന്തിനാണ് ഇങ്ങനെ വിശമിച്ചിരിക്കുന്നത്.അയാൾ പറഞ്ഞു ഞാൻ പകലന്തിയോളം അധ്വാനിക്കുന്നു എന്നാൽ എനിക്ക് അതിന്റെ പ്രതിഫലം കിട്ടാറില്ല . അതും പോരതെ എന്നെ

ഇപ്പോൾ ഈ പണിയിൽ നിന്നും ഒഴിവാക്കുമെന്നും പറയുന്ന എന്താണ് ചെയ്യേണ്ടതെന്ന് എനിക്ക് അറിയില്ല .ഈ മരം മുറിക്കുമ്പോഴേക്കും എന്റെ മഴുവിന്റെ മൂർച്ച കുറഞ്ഞു എനിക്ക് ഇനിയും ചീത്ത കേൾക്കാൻ കഴിയില്ല . അപ്പോൾ ആ അപരിചിതൻ പറഞ്ഞു നീ നന്നായി പരിശ്രമിക്കണം . നിനക്ക് മുതലാളിക്ക് വേണ്ട അത്രയും മരം അതിവേഗം മുറിച്ച് തീർക്കാൻ കഴിയും . പക്ഷെ നിനക്ക് നല്ല ആത്മ വിശ്വാസം ഉണ്ടാവണം എന്നാലെ നിനക്ക് അത്രയും മരം മുറിച്ച് തീർക്കാൻ കഴിയൂ പിന്നെ എന്ത് വന്നാലും നീ തളരരുത് . പ്രതിസന്ധികൾ തരണം ചെയ്യാൻ കഴിയണം എന്നാലെ നിനക്ക് അതിന് കഴിയൂ . ഇത്രയും പറഞ്ഞ് ആ അപരിചിതൻ ആ വഴി മറഞ്ഞ് പോയി. അയാൾ പൂർണ വിശ്വാസത്തോടെ മരം മുറിക്കാൻ തുടങ്ങി അൽപസമയത്തിനുള്ളിൽ അവിടേക്ക് മുതലാളി വന്നു അദ്ദേഹം അത്ഭുതപ്പെട്ടുപോയി ! ചെറിയ ഒരു സമയത്തിനുള്ളിൽ ആവശ്യമുള്ള അത്രയും മരം മുറിച്ചിരിക്കുന്നു അപ്പോൾ മുതലാളി നീ തന്നെയാണോ ഇത്രയും മരം മുറിച്ചത് എനിക്ക് വിശ്വസിക്കാൻ കഴിയുന്നില്ല. അതെ ഞാൻ തന്നെയാണ്ഇത്രയും മരം മുറിച്ചത് . മുതലാളി പെട്ടെന്ന് അയാളോട് പറഞ്ഞു നീ എന്റെ വീട്ടിലേക്ക് വരണം വളരെ പെട്ടെന്ന് തന്നെ ഇത്രയും പറഞ്ഞ് കൊണ്ട് മുതലാളി അവിടെ നിന്നും വീട്ടിലേക്ക് പോയി അൽപസമയത്തിനകം മരം വെട്ട്കാരനും അങ്ങോട്ട് പോയി അവിടെ മുറ്റത്ത് തന്നെ മുതലാളി നിൽക്കുന്നുണ്ടായിരുന്നു അദ്ദേഹം വളരെ സന്തോഷത്തോടെ അയാളെ അകത്തേക്ക് ക്ഷണിച്ചു. അകത്ത് നിന്ന് അദ്ദേഹം പണം കൊണ്ട് വന്ന് അയാൾക്ക് കൊടുത്തു എന്നിട്ട് പറഞ്ഞു ഇത്രയും കാലം ഞാൻ നിന്നെ കഴിവില്ലാത്തവനാണെന്നാണ് കരുതി എന്നാൽ നീ യഥാർത്ഥത്തിൽ നല്ലൊരു മരം വെട്ടുകാരനാണ് എന്ന് എനിക്ക് മനസ്സിലായി . നിന്നെ ഇനി ഒരിക്കലും ഞാൻ ഇവിടെ നിന്നും പറഞ്ഞ് വിടുകയില്ല അത് മാത്രമല്ല നിനക്ക് എത്ര പണം പ്രതിഫലം വേണമെന്ന് പറയുന്നവോ അത്രയു ഞാൻ തരുകയും ചെയ്യും. മരം വെട്ട്കാരൻ വളരെ സന്തോഷിച്ചു എന്നിട്ട് ആ അപരിചിതന്റെ വാക്കുകൾ ഓർത്തു.

സ്വയം തിരിച്ചറിയൂ പോരായ്മകൾ പരിഹരിക്കൂ.........




മുഹമ്മദ് ഫവാസ് 9 A

# മൊബൈൽ ഫോൺ



അമ്മയും മകനും മാത്രം അടങ്ങുന്ന കുടുംബം . അച്ഛൻ മകന്റെ ജനനശേഷം മരണത്തിന് കിഴടങ്ങി. അതുകൊണ്ട് തന്നെ അമമ അവനെ വളരെ അധികം സ്നേഹിച്ചിരുന്നു. അവൻ വളർന്നു വലുതായി.അവർ പാവപ്പെട്ടവരായിരുന്നു.അവൻെ അമമ കൂലി പണി ചെയ്താണ് അവനെ വളർത്തി വലുതാക്കിയത്.ഒരു ദിവസം വീടിന്റെ നിലം ഊത്തു വാരുകയായിരുന്നു . അപ്പോൾ മകൻ അവിടേക്ക് വന്നിട്ട് അമമയോട് ചോദിച്ചു .അമ്മേ എനിക്ക് ഒരു മൊബൈൽ ഫൊൺ വാങ്ങിത്തരുമോ?. അമ്മ ചോദിച്ചു അത് എന്തിനാ ആ ഞാൻ വാങ്ങിത്തരാം! പിറ്റേദിവസം രാവിലെ അമ്മ വീട്ടിലെ പണിയെടുത്തു. മകന് ഫോൺ വാങ്ങി ക്കൊടുക്കണം ഇതാണ് അമ്മയുടെ ഇപ്പോഴത്തെ ലക്ഷ്യം.എവിടേയും വീട്ടു ജോലിക്കിട്ടാനില്ല. എന്നാൽ പരിശ്രമം നിന്നില്ല.നടന്ന് നടന്ന് ഒരു വീട് കണ്ടു. അവിടെ കയറി വീട്ടു ജോലിക്ക് തേടി അപ്പോൾ സമ്മദം നൽകി.അവർ വീട്ടിലേക്ക് വലത് കാൽ വച്ച്കയറി എല്ലാ ജോലിയും കഴിഞ്ഞ് പൈസത്തരാൻ ആവശ്യപ്പെട്ടു അവർ ജോലി ചെയ്തതിന് ഉള്ള പണംനൽകി. അവർ ആ പണവും എടുത്ത് വീട്ടിലേക്ക് നടന്നു. പോകുന്ന വഴിയിൽ ഒരു മൊബൈൽ കട

കണ്ടു. കടയിലുള്ള ഒരാളോട് ചോദിച്ചു: മൊബൈൽ ഫോൺ ഉണ്ടോ. അപ്പോൾ പറഞ്ഞു: നിങ്ങൾ ഫോൺ വാങ്ങുന്നത് നിങ്ങൾക്കാണോ .അല്ല എന്റെ മകനാണ് . ഓ... ഇതാ ഫോൺ.എത്ര രൂപയാ വിലപറഞ്ഞു ഞെട്ടിയെങ്കിലും മകൻ വേണ്ടി മൊബൈൽ വാങ്ങി. വിട്ടിൽ എത്തി മകൻ വിട്ടിൽ ഇല്ലായിരുന്നു. മകൻ വന്നിട്ട് കാണിച്ചു കൊടുക്കാം. എല്ലാം വാങ്ങി കൊടുത്ത എന്റെ മകന് എന്നോട് നല്ല സ്നേഹമായിരിക്കും.മകൻ വന്നു. ഫോൺ കാണിച്ചു അമ്മ പറഞ്ഞത് പോലെ നടന്നു. അമ്മയെ ഉമ്മവെക്കുകയും ചെയ്തു .പക്ഷേ പിന്നെ പിന്നെ അത് മാറി വന്നു.അവൻ ഫോണിൽ മാത്രം മുഴുകി.പിന്നെ അമ്മയെ ശ്രദ്ധിക്കാതെയായി.അമ്മയോട് ചോദിച്ചു എനിക്ക് 200 രൂപ വേണം.അമ്മ അകത്തു വന്നു. പേഴ്സിൽ വെറും 200 രൂപ മാത്രം ഉണ്ടായിരിന്നു.അത് മകന് കൊടുക്കുമ്പോൾ ഇത്എന്തിനാണ്.എനിക്ക് data കയറ്റാന.എന്തിനാണ് data എന്ന് അമ്മക്ക് അറിയില്ല. മൂളിക്കൊണ്ട് പണം നൽകി.മകൻ അതിൽ സുഹിച്ചു.അമ്മ ജോലി ചെയ്ത് പണം ഉണ്ടാക്കി. മകൻ ചോദിക്കുമ്പോഴെല്ലാം പണവും നൽകി. പിന്നെ അമ്മക്ക് വയ്യാതെയായി.ജോലിക്ക് പോകാതെയായി.മകനോട് ചികിത്സക്ക് വേണ്ടി ഒരു പത്ത് രൂപയ്ക്ക് ചോദിച്ചു.അപ്പോൾ മറുപടി ഇങ്ങനെയായിരുന്നു.പത്ത് രൂപക്കൊന്നും ചികിത്സിക്കാൻ കഴിയില്ല.സർക്കാർ ആശുപത്രിയിൽ പോയാൽ മതി.എനിക്ക് കഴിയില്ല.നിങ്ങളെ ചുമന്ന് അവിടെ വരെ പോകാൻ കഴിയില്ല. അത് മുഖത്ത് നോക്കി പറഞ്ഞു.അത് അമ്മയ്ക്ക് പിടിച്ചില്ല.പക്ഷെ എന്ത് പറയാനാ.അവിടെ കിടക്കുക എന്നല്ലാതെ.എങ്ങനെയാണ് ഭക്ഷണം കഴിക്കുക! മകൻ എപ്പോഴും ഹോട്ടലിൽ നിന്നാണ് ഭക്ഷണം കഴിക്കുക അമ്മ ഇവിടെ പട്ടിണിയാണ്.ഇത് തുടർന്നു കൊണ്ടയിരുന്നനു.കുറേ ദിവസം കഴിഞ്ഞപ്പോൾ അമ്മയും മരണത്തിന് കീഴടങ്ങി.മകൻ മാത്രമായി വീട്ടിൽ. അവൻ ആവശ്യമായത് എല്ലാം തന്നെ ഉണ്ട്.എന്നാൽ ഒന്നിന് മത്രം കുറവ്.അത് വണ്ടിയാണ്.അവൻ ജോലി ചെയ്ത് ജീവിച്ചു.ജോലി ചെയ്ത് അവൻ ഒരു സ്കൂട്ടി വാങ്ങി.അവൻെറ ജീവിതത്തിലേക്ക് ആരും വന്നില്ല.അവന് ആവിശ്യമായത് എല്ലാം തന്നെകിട്ടി. അവൻ ഒരു ദിവസം ജോലി കഴിഞ്ഞ് വരുമ്പോൾ ആരോ ഒരാൾ അവൻെറ ഫോണിൽ വിളിച്ചു. അവൻ അവരോട് സംസാരിച്ചു.വരുമ്പോൾ ഒരു വളവിൽ നിന്ന് അവനെ ഒരു ലോറി വന്ന് അവൻെറ സ്കൂട്ടിയിൽ ഇടിച്ചു. അവൻെറ മരണമായിരുന്നു.അവിടേക്ക് ആരും തിരിഞ്ഞ് നോക്കിയില്ല.ഇടിച്ച ലോറിയിലുള്ള ആൾ പോലും.



ഫാത്തിമത്ത് ഫിദ 9 A

# ആത്മഹത്യയിലേക്ക് നയിച്ച ഭീകരവാദി



ഒരിടത്ത് ഒരു കുടുംബം ജീവിച്ചിരുന്നു. അവർക്ക് മക്കൾ ഉണ്ടായിരുന്നില്ല . കുറേ വർഷങ്ങൾക്കു ശേഷം ഒരു ആൺകുഞ്ഞു ജനിച്ചു. അതിൽ അവർ അതിയായി സന്തോഷിച്ചു. അവനെ അപ്പു എന്നു വിളിച്ചു. അപ്പുവിന്റെ അഛൻ കൂലി പണിക്കാരൻ ആയിരുന്നു. ചെറിയ വീടായിരുന്നു അവരുടേത്. ജോലി ചെയ്ത് ലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ട് അവന്റെ ആഗ്രഹങ്ങൾ നിറവേറ്റി. അങ്ങനെ അവൻ വിദ്യാലയത്തിൽ പോവാൻ തുടങ്ങി. പഠനത്തിനാവശ്യമായ സാധനങ്ങൾ വാങ്ങിക്കൊടുത്തു. അവന്റെ അഛന്റെയും അമ്മയുടെയും ഒരേ ഒരു ആഗ്രഹമായിരുന്നു അവനെ പഠിപ്പിച്ച് നല്ല നിലയിൽ എത്തിക്കണമെന്ന്. അവരുടെ ആഗ്രഹം പോലെ അവൻ ക്ലാസ്സിൽ ഒന്നാമനായി. പത്താം ക്ലാസ്സിൽ നല്ല മാർക്കോടെ അവൻ പാസായി. പിന്നീടുള്ള പഠനം ഹോസ്റ്റലിലേക്ക് മാറ്റി. അവനെ വിട്ടു പിരിയാൻ അഛനും അമ്മയ്ക്കും മനസ്സു വന്നില്ല . എന്നാലും അവർ മകന്റെ ഭാവിയെക്കുറിച്ച് ആലോചിച്ച് അവനെ അയച്ചു. അവന്റെ നിർബന്ധത്തിൽ അവന് മൊബൈൽ ഫോൺ വാങ്ങിക്കൊടുത്തു. അവൻ പിന്നീട് പഠനത്തെക്കുറിച്ച് മറന്നു. ചിന്ത മുഴുവൻ ഫോണിലായിരുന്നു. എപ്പോഴും വിളിച്ചിരുന്ന അഛന്റെയും അമ്മയുടെയും വാക്കുകൾ മറന്ന് അവൻ തീവ്രവാദത്തിലൂടെ സഞ്ചരിച്ചു. പിന്നീട് അവൻ തീവ്രവാദത്തിന്റെ തലവനായിത്തീർന്നു. അഛനെയും അമ്മയെയും അവൻ മറന്നു. അങ്ങനെ ദിവസങ്ങളും മാസങ്ങളും വർഷങ്ങളും തീവ്രവാദത്തിലൂടെ അവൻ സഞ്ചരിച്ചു. അങ്ങനെ ഒരു ദിവസം അഛനും അമ്മയും അവനെ കാണാൻ ഹോസ്റ്റലിലെത്തി. അവർ അവിടെ എത്തിയപ്പോൾ കണ്ട കാഴ്ച്ച ഹൃദയം തകർക്കുന്നതായിരുന്നു. തീവ്രവാദത്തിലൂടെ കഴിഞ്ഞ അപ്പുവിന്റെ മൃതദേഹം. അവർ ആകെ തളർന്നു പോയി. പോസ്റ്റുമോർട്ട് റിപ്പോർട്ടിൽ അവർക്ക് കാണാൻ കഴിഞ്ഞത് ആത്മഹത്യയായിരുന്നു. അവർ അതീവ ദു:ഖത്തിലായി. ആ മാതാപിതാക്കൾക്ക് മകൻ സമ്മാനിച്ചത് നൊമ്പരങ്ങളുടെ ജീവിതമായിരുന്നു.



റിസ് വാന തസ്നി 9 A

# കുട്ടികളുടെ കഴിവ്



ഒരിക്കൽ ഒരു ഗ്രാമത്തിൽ അച്ചു എന്നും അപ്പു എന്നും പേരുള്ള രണ്ട് കുട്ടികൾ ഉണ്ടായിരുന്നു. അവർ രണ്ടുപേരും ചിത്രം വരക്കുന്നതിനെ ഇഷ്ട്ടപ്പെട്ടിരുന്നു. അച്ചുവായിരുന്നു ചിത്രം വരയിൽ മുമ്പിൽ. അവർ രണ്ട് പേരും നല്ല കൂട്ടുകാരാണ്. എവിടെ ചിത്രം വര മത്സരം ഉണ്ട് എന്നറിഞ്ഞാലും അവർ അവിടെ എത്തുമായിരുന്നു.

അച്ചുവിന്റെ അമ്മക്ക് അവൾ ചിത്രം വരച്ച്നടക്കുന്നത് ഇഷ്ടമല്ലായിരുന്നു. എന്നാൽ അപ്പുവിന്റ അമ്മക്ക് അവൻ ചിത്രം വരക്കുന്നത് ഇഷ്ട്മായിരുന്നു. അവന് ആവശ്യമായ കളർ പെൻസിലുകളും മറ്റും വാങ്ങിക്കൊടുക്കുമായിരുന്നു., എന്നാൽ അച്ചുവിന്റെ അമ്മ അവൾ ചോദികുമ്പോൾ അവളെ വഴക്കുപറയുകമാത്രമായിരുന്നു ചെയ്യുത്. ഒരിക്കൽ അവൾ അവളുടെ ഗ്രാമത്തിലെ പുഴയുടെ ചിത്രം വരച്ചുകൊണ്ടിരിക്കുകയായിരുന്നു .ആ പുഴയുടെ ചിത്രം വരക്കുന്നത് അവൾക്ക് വളരെ അതികം ഇഷ്ട്മായിരുന്നു. അപ്പോൾ അവളുടെ അമ്മ അവളെ വഴക്കു പറഞ്ഞു"ഹും നി ചിത്രം വരച്ച് ഇരിക്കുകയായിരുന്നു അല്ലെ നിനക്ക് ഏത് സമയം നേക്കിയാലും ചിത്രം വരക്കാനെ ഉണ്ടാകു.നിനക്ക് ഒരു കാലത്തും പഠിക്കാനും ഉണ്ടാവില്ലാ" എന്നാൽ ഈ സമയം അപ്പുവിന്റെ അമ്മ "ഔ നല്ല രസം ഉണ്ടല്ലോ ചിത്രം മോനെ ആ ഞാൻ കടയിൽ പേകുന്നുണ്ട് നിനക്ക് കളർ വല്ലതും വേണോ "അപ്പു

പറഞ്ഞു" വേണ്ടമ്മെ . ആവശ്യത്തിനും അതിലതികവും ഇവിടെയുണ്ട് . പിന്നെന്തിനാ വെറുതെ കളറുകൾ "


കുറെ വർഷങ്ങൾക്ക ശേഷം അപ്പു ഒരു ആർട്ട് ടീച്ചറായി . എന്നാൽ ഈ സമയവും അച്ചു അവൾക്ക് ഒരു ജോലിയും തേടി നടക്കുന്ന ,അപ്പോൾ അച്ചുവിന്റെ അമ്മക്ക് മനസ്സിലായി.അപ്പുവിന്റെ അമ്മ അവന്റെ കഴിവ് മനസ്സിലാക്കി അവനെ പരിശീലിപ്പിച്ചു. അത് കൊണ്ടാണ് അവന് ഇപ്പോൾ ഒരു ജോലി ഉണ്ടായത് . എന്റെ മകളെ ആദ്യമെ ഞാൻ പരിശീലിപ്പിച്ചിരുന്നെങ്കിൽ എന്റെ മകൾക്കും ഇപ്പോൾ ഒരു ജോലി ഉണ്ടായിരിക്കുമായിരുന്നു.

കൂട്ടുകാരെ , സ്വന്തം കഴിവിന് അനുസരിച്ചുള്ള ജോലി മാത്രം തേടുക



ഹസ്ന ഷെറിൻ 9 A

# മാതാപിതാക്കളുടെ നിധി



ഒരു ഗ്രാമത്തിൽ ദമ്പതികൾ താമസിച്ചിരുന്നു.ഇരുവരുടേയും പേരാണ് ജാക്കും ജീനയും.ജാക്ക് മീൻ വിറ്റാണ് അവരിരുവരും ജീവിച്ചത്.വളരെ സന്തോഷത്തിലാണ് അവർ ജീവിച്ചത്.പക്ഷെ ഒരു കുഞ്ഞില്ലാ എന്നുള്ള സങ്കടം മാത്രമാണ് ഉണ്ടായിരുന്നത്. അവർ എന്നും ദൈവത്തോട് ഒരു കുഞ്ഞിന് വേണ്ടി ഒരുമിച്ചിരുന്ന് പ്രാർത്ഥിച്ചിരുന്നു.ജാക്ക് എന്നും രാവിലെ മീൻ പിടിക്കാനായ് പുഴയിൽ പോകുമായിരുന്നു.ഒരു ദിവസം ജാക്ക് മീൻ പിടിക്കാനായ് പുഴയിൽ പോകുമ്പോൾ പുഴയുടെ അടുത്ത് നിന്ന് ഒരു കുഞ്ഞിന്റെ കരച്ചിൽ കേട്ടു. ജാക്ക് കരച്ചിൽ കേട്ട സ്ഥലത്തേക്ക് പോയി നോക്കുമ്പോൾ പുഴയുടെ അടുത്തുള്ള ഒരു കുറ്റിക്കാട്ടിൽ നിന്നായിരുന്നു. ജാക്ക് കുറ്റിക്കാട് നീക്കി കുഞ്ഞിനെ എടുത്തു.അത് ഒരു സുന്ദരിയായ പെണ്ണ് കുഞ്ഞായിരുന്നു..ജാക്ക് ഇത് ദൈവം എനിക്ക് തന്ന കുഞ്ഞാണെന്ന് പറഞ്ഞ് സന്തോഷത്തോടെ വീട്ടിലേക്ക് ഓടി. വീട്ടിൽ എത്തി ജാക്ക് വാതിൽ മുട്ടി.ജീന വാതിൽ തുറന്നു. ജീന ജാക്കിന്റെ കയ്യിലുള്ള കുഞ്ഞിനെ ശ്രദ്ധിച്ചില്ലായിരുന്നു.ജീന ചോദിച്ചു : താങ്കൾ എന്താണ് മീൻ പിടിക്കാതെ വീട്ടിലേക്ക് വന്നത്.ജാക്ക് പറഞ്ഞു: നീ എന്റെ കയ്യിലുള്ള കുഞ്ഞിനെ ശ്രദ്ധിച്ചില്ലേ ?ജീന ജാക്കിന്റെ കയ്യിലേക്ക് നോക്കി. കുഞ്ഞിനെ കണ്ട ഉടനെ ജീന വാരിയെടുത്തു എന്നിട്ട് ചോദിച്ചു : താങ്കൾക്ക് എവിടെ നിന്നാണ് ഈ കുഞ്ഞിനെ കിട്ടിയത്.ജാക്ക് സംഭവിച്ചതെല്ലാം പറഞ്ഞു.ജീന ജാക്കിനോട് പറഞ്ഞു :ഈ കുഞ്ഞിനെ ദൈവം നമുക്ക് തന്നതാണ്.ഞാൻ ഇവളെ ജെന്നി എന്ന് വിളിക്കും.ജെന്നി വളർന്നു വലുതായി.അവളെന്നും തന്റെ അച്ഛനായ ജാക്കിനോട് പുഴയിൽ പോകാറുണ്ട്. അച്ഛൻ മീൻ പിടിക്കുകയും അവൾ ഒരു കല്ലിൻ പുറത്തിരുന്നു കൊണ്ട് പാട്ടു പാടുകയും ചെയ്യൽ പതിവായിരുന്നു.കാലം കഴിഞ്ഞു പോയി.ജെന്നിക്ക് പതിനെട്ട് വയസ്സ് പ്രായമായി.അവൾ പതിവുപോലെ പുഴയരികിൽ പോയി പാടുമ്പോൾ ആ രാജ്യത്തെ രാജകുമാരൻ സവാരി ചെയ്യാൻ വന്നിരുന്നു.ജെന്നിയുടെ മധുരമായ ശബ്ദവും സൗന്ദര്യവും കണ്ട് രാജകുമാരന് അവളെ വളരേയധികം ഇഷ്ടമായി.രാജകുമാരനെ കണ്ടതും ജെന്നി അവളുടെ വീട്ടിലേക്ക് ഓടിപ്പോയി.പക്ഷെ ജാക്ക് അവിടെനിന്ന് മീൻ പിടിക്കുന്നുണ്ടായിരുന്നു. രാജകുമാരൻ ജാക്കിന്റെ അടുത്ത് വന്ന് ചോദിച്ചു:ഇവിടെ ഇരുന്ന് പാട്ട് പാടിയ ആ സുന്ദരിയായ പെൺ കുട്ടി ഏതാണ് ?.ജാക്ക് പറഞ്ഞു:രാജകുമാരാ അത് എന്റെ മകളാണ് ജെന്നി.രാജകുമാരൻ ജാക്കിനോട് വീണ്ടും പറഞ്ഞു "താങ്കളുടെ മകളെ എനിക്ക് വളരെയധികം ഇഷ്ടമായി.അവളെ എനിക്ക് വിവാഹം ചെയ്ത് തരുമോ?" ജാക്ക് പറഞ്ഞു :ഓ രാജകുമാരാ....എനിക്ക് ഇതിൽ സന്തോഷമേയുള്ളൂ.. പക്ഷെ അവൾ അതിന് സമ്മതിക്കുമോ? ഞാൻ അവളോട് ചോദിച്ചു

നോക്കാം.രാജകുമാരൻ പറഞ്ഞു: അവളോട് സമ്മതം ചോദിച്ചിട്ട് അത് നാളെ കൊട്ടാരത്തിൽ വന്ന് എനിക്ക് പറഞ്ഞു തരണം .ജാക്ക് രാജകുമാരനോട് നന്ദി പറഞ്ഞ് വീട്ടിലേക്ക് പോയി. വീട്ടിൽ ചെന്നതും ജെന്നിയെ വിളിച്ച ജാക്ക് അവളോട് ചോദിച്ചു : മോളെ രാജകുമാരന് നിന്നെ വളരെ ഇഷ്ടപ്പെട്ടു.നീയുമായുള്ള വിവാഹം ആലോചിക്കാൻ രാജകുമാരൻ എന്നോട് ചോദിക്കാൻ പറഞ്ഞു.നാളെ കൊട്ടാരത്തിൽ പോയി പറഞ്ഞു കൊടുക്കണമെന്നും പറഞ്ഞു.ജെന്നി കുറച്ചു സമയത്തേക്ക് മിണ്ടാതിരുന്നു.പിന്നെ പറഞ്ഞു:എനിക്ക് ഇപ്പോൾ കല്യാണം വേണ്ട.. ജാക്കും ജീനയും അവളെ പറഞ്ഞു സമ്മതിപ്പിച്ചു.പിറ്റേ ദിവസം ജാക്ക് കൊട്ടാരത്തിൽ പോയി വിവാഹത്തിന് അവൾക്ക് സമ്മതം എന്ന് പറഞ്ഞു.കുറച്ച് ദിവസത്തിനകം വിവാഹം ഉണ്ടാകുമെന്ന് രാജകുമാരൻ ജാക്കിനോട് പറഞ്ഞു. ദിവസങ്ങൾ കടന്നു പോയി .രാജകുമാരനും ജെന്നിയും തമ്മിലുള്ള വിവാഹം നടന്നു.അവർ ഇരുവരും സന്തോഷത്തോടെ ജീവിച്ചു.ജാക്കും ജീനയും മകളുടെ വിവാഹത്തിന് ശേഷം മരണപ്പെടുകയും ചെയ്തു.



നാജിയ ഫർഹാന 9 A

# നാളേയ്ക്കായ് കരുതാം പ്രകൃതിയെ



മനസ്സിൽ കുളിരായ്
തഴുകുന്ന കാറ്റ്
പിടയുന്ന പുഴയും
തളരുന്ന മരവും
ഓർക്കുക നാം
എന്തിനീ പ്രകൃതിയെ
ചൂഷണം ചെയ്യുന്നു?
മലയും കുന്നും ഇടിക്കരുതെ
മാമരങ്ങൾ മുറിക്കരുതെ
പുഴയെ നികത്തിടല്ലെ
പ്രകൃതിയെ സ്നേഹിച്ചിടുവിൻ
ഈ ഭൂവിണ്ണിൽ വാണിടാം
പ്രകൃതിയെ ദ്രോഹിച്ചാൽ
ഈ ഭൂവിണ്ണിൽ വാണിടാൻ
കഴിഞ്ഞീടില്ല നമുക്കീ-
പ്രകൃതിയെ നാളേയ്ക്കായ്
കരുതിടാം....



അബ്ദുൽ ബാസിത്ത് 9 A

# ഭാരതം



ഭാരതമെന്നൊരു നാടുണ്ടേ
സ്വതന്ത്ര്യ ഭാരത നാടാണെ
അമ്മയാകും നാടാണെ
സ്നേഹക്കൊടിയുടെ നാടാണെ
ഗാന്ധി,നെഹ്റു,വല്ലാഭായിയും
ഒരുമിച്ച് പോരാടിയ നാടാണെ
എന്റെ സ്വന്തം ഭാരതം
വർഗീയതയില്ല
അഴിമതിയില്ല
കലാപമില്ല
അഴിഞ്ഞാട്ടമില്ല
സ്വതന്ത്ര്യ ഭാരതം
സ്നേഹവും സന്തോഷവും
സൗഹൃദവും വാത്സല്യവും
നിറഞ്ഞ സ്വർഗ ഭൂമി ഭാരതം
അന്നും ഇന്നും എന്നും
ഇത് ഭാരതം...വന്ദേ മാതരം



ഫർഹാൻ ടി.പി 9 A

# മാതൃസ്നേഹം



*സ്നേഹത്തിൻ ഭാഷയായ് വാത്സല്യ*
*നിഴലായ് കൂടെയുണ്ടെന്നെന്നും*
*അമ്മതൻ മുലപ്പാലിൽ ആർദ്ര-*
*മായ് നീളുന്ന സ്നേഹത്തിനന്ത്യമുണ്ടോ*

*താരാട്ടു പാടുമ്പോൾ*
*പൊഴിയുന്ന സ്നേഹരാഗം*
*മഴയായ് പെയ്യുന്നുവോ*
*മാറോട് ചേർക്കുമ്പോൾ*
*ആകാശത്താരകങ്ങൾ*
*കൊതിയായി നോക്കുന്നുവോ*
*അതോ,മോഹങ്ങൾ പറയുന്നുവോ*

*പാലുപോൽ വെട്ടിത്തിളങ്ങുന്ന*
*മേഘങ്ങൾ അമ്മതൻ*
*നറു മനസ്സോ*
*ഇന്നെന്റൊരു മോഹം*
*എന്നുമിന്നെന്റെ അമ്മ*
*കൂടെയുണ്ടായിടേണം*
*വെയിലേറ്റ് പൊള്ളാതെ*
*കാത്ത് സൂക്ഷിക്കുന്ന*
*പൂമരമായിടണം*

*സ്നേഹത്തിലലിയുന്ന*
*ബാഷ്പമായിടുന്ന മഴ*
*മുത്തുകളായിടേണം*
*സ്നേഹത്തിൻ ഭാഷയായ്*
*വാത്സല്യ നിഴലായി*
*കൂടെയുണ്ടെന്നെന്നും*



*ഫാത്തിമ നിദ വി.പി 9 A*

# ഒലിച്ചിറങ്ങിയ എന്റെ ഗ്രാമം

മഴത്തുള്ളികൾ ഒരോന്നായി
വന്നുവീണ എൻ ഗ്രാമത്തിൽ
വീണ തുള്ളികൾ ഒലിച്ചിറങ്ങി
എൻ ഗ്രാമ മുറ്റങ്ങളിൽ

മുറ്റങ്ങളിൽ നിന്ന് തുള്ളികൾ
കൈതോടുകളിൽ യാത്രയായ്
അപ്പോഴും മേഘം മുത്തുകളാകുന്ന
മഴത്തുള്ളികൾ പൊഴിച്ചു

വെള്ളം തോടുകളിൽ നിന്ന്
പുഴകളിലേക്കുള്ള യാത്രയുടെ
തിക്കിൽ കവിഞ്ഞൊഴുകി
ആ കൈ തോടുകളിൽ
തപ്പിത്തടഞ്ഞ് പുഴയിലെത്തിയ
നൂറ് കൈതോടുകളിൽ നിന്നും
എത്തുന്ന വെള്ളം പുഴയെകവിഞ്ഞൊഴുക്കി

പുഴയെ കവിഞ്ഞൊഴുക്കിയ
ആ വെള്ളം എൻ ഗ്രാമം
ഒന്നാകെ ഒലിച്ചിറങ്ങ
അതാണ് പ്രളയം





റിഫ്ന ഫാത്തിമ 9 A

# പ്ലാസ്റ്റിക്ക് ഭൂമിയും പരിസ്ഥിതി മുറിവുകളും



പ്രകൃതിയും മനുഷ്യനും പരസ്പര പൂരകങ്ങളാണ്. മനുഷ്യൻ പ്രകൃതിയിൽ നിന്ന് അകലുന്തോറും അനാരോഗ്യത്തിന്റെ വക്താവായ് മാറുകയാണ് ചെയ്യുന്നത്. പ്രകൃതിയോടിണങ്ങി ജീവിക്കേണ്ട മനുഷ്യൻ തന്നെ പ്രകൃതി നശിപ്പിച്ച് കൊണ്ടിരിക്കുന്നത് മൂലം ഭൂമിയിൽ ജീവന്റെ നില നിൽപ്പ് തന്നെ ഭീഷണി നേരിട്ട് കൊണ്ടിരിക്കുകയാണ്.

പ്രകൃതി സ്നേഹികളായിരുന്ന മുൻഗാമികൾ നല്ല കാഴ്ച്ചപ്പാടോട് കൂടിയായിരുന്ന പരിസ്ഥിതിയോടും പെരുമാറിയിരുന്നത്. ഉപയോഗശേഷം ഭൂമിയിൽ തന്നെ ലയിച്ചു ചേരാൻ വേണ്ടി പ്രകൃതി വിഭവങ്ങൾ കൊണ്ടുണ്ടാക്കുന്ന മൺപാത്രങ്ങളും നാരുൽപന്നങ്ങളും മെറ്റൽ സാധനങ്ങളുമെല്ലാമാണ് അവർ ഉപയോഗിച്ചിരുന്നത്. എന്നാൽ ഭൂമിയെ പാടെ മറന്ന പുതു തലമുറ എല്ലാ അർഥത്തിലും പരിസഥിതി മലിനീകരണ പ്രവർത്തനത്തിലാണ് വ്യാപിതരാവുന്നത്. മണ്ണിൽ ഒരു തരത്തിലും അലിഞ്ഞു ചേരാത്ത പ്ലാസ്റ്റിക്കിന്റെ അമിത ഉപയോഗം ഇന്ന് മണ്ണിന്റെ ഫലഭൂയിഷ്ടി കുറയ്ക്കുകയും മണ്ണിനെ പൂർണ്ണമായും മലിനീകരണമാക്കുകയുമാണ് ചെയ്യുന്നത്.

പ്ലാസ്റ്റിക്ക് കാലപ്പഴക്കം കൊണ്ട് തരികളായി മാറുമെങ്കിലും അവക്കു മണ്ണിന്റെ അംശമായി തീരാൻ സാധിക്കില്ല. ഇത് മണ്ണിന്റെ ശ്വസനത്തെ ബാധിക്കുകയും അതിന്റെ ഫലഭൂയിഷ്ടതയെ

നശിപ്പിക്കുകയും ചെയ്യുന്നു. അവ ജല സ്രോതസ്സുകളെ ശ്വാസം മുട്ടുകയും അവയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തുകയും ചെയ്യുന്നു. കാല ക്രമേണെ മലിനമാകുന്ന ഇത്തരം ജല സ്രോതസ്സുകൾ രോഗങ്ങൾ പരത്തുന്ന പ്രധാന കേന്ദ്രങ്ങളായി മാറുന്നു. നാം വലിച്ചെറിയുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ അതാതു പ്രദേശത്തെ പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയെ തകിടം മറിക്കുകയും അവ അറിയാതെ ഭക്ഷിക്കാനിടവരുന്ന ജീവികളും മൽസ്യങ്ങളും കൂട്ടത്തോടെ ചത്തൊടുങ്ങുകയും രോഗികളാവുകയും ചെയ്യുന്നു. അവ ഭക്ഷിക്കുന്ന മനുഷ്യനും ആരോഗ്യ പ്രശ്നങ്ങളിലേക്ക് വഴുതി വീഴുന്നു.


നാം ഭക്ഷണം കഴിക്കുകയും സൂക്ഷിക്കുകയും ചെയ്യുന്നത് വരെ ഇന്ന് പ്ലാസ്റ്റിക് നിർമിതമായ ഉൽപ്പന്നങ്ങളിലാണെന്നതു ഭയാനകമായൊരു അവസ്ഥയാണ്. മനുഷ്യ ജീവിതത്തിന്റെ വേഗത വർധിച്ചതോടെയാണ് ഉപയോഗ ശേഷം വലിച്ചെറിയുക എന്ന നിയോകൊളോണിയൽ ചിന്ത എല്ലാവരിലും വേരോടുന്നതും ഭക്ഷണ ക്രമം ഫാസ്റ്റ് ഫുഡ് സംസ്കാരത്തിലേക്കു മാറുന്നതും. ഇതാണ് സമൂഹത്തിൽ പ്ലാസ്റ്റിക്ക് വ്യാപനത്തിനു കാരണമായത്. മൈക്രോണിൽ കുറവുള്ള പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളിൽ ഭക്ഷണ പദാർത്ഥങ്ങൾ സൂക്ഷിക്കുകയും ഉപയോഗ ശേഷം വലിച്ചെറിയുകയും ചെയ്യാൻ തുടങ്ങിയതോടെയാണ് ഭൂമിയിൽ മാലിന്യങ്ങൾ വർധിക്കാനും മനുഷ്യ ശരീരം മുക്യ കാരണത്തിൽ ഒന്നാണെന്ന് കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഹൃദ്രോഗം, ആമാശയ

രോഗങ്ങൾ, ശ്വാസകോശ രോഗങ്ങൾ , ക്ഷയം, ത്വക്ക് രോഗങ്ങൾ തുടങ്ങിയവക്കും ഡയോക്സിൻ കാരണമാകുന്നു.



**ഷെറീന തസ്നി** 9 A

# ജീവചരിത്രം(അമിതാഭ് ബച്ചൻ)



ഹിന്ദി സിനിമ ലോകത്തെ അഭിനയ ഇതിഹാസം അമിതാഭ് ബച്ചനാണ്. ഇന്ത്യൻ സിനിമയിലെ ഈ പ്രാവശ്യത്തെ ദാദാ സാഹേബ് ഫാൽകേ പുരസ്കാരം ലഭിച്ചത്.

പ്രശസ്ത കവിയും മുൻ രാജ്യ സഭാംഗവുമായ ഹരിവിശ്റായി ബച്ചനാണ് പിതാവ്. ശ്രീ വാസ്തവാ എന്നതാണ് കുടുംബ പേര്. എന്നാൽ പിതാവ് ഹരിവിശ്റായി"ബച്ചൻ"എന്ന ഉലികാ നാമം സ്വികരിച്ചതിനു ശേഷം ഇവർ ആ പേരിലാണ് അറിയപ്പെടുന്നത്.

കെ എ അബ്ബാസിന്റെ "സാത് ഹിന്ദുസ്ഥാനിൽ"ഒരു ചെറിയ റോളിലാണ് അദ്ദേഹം ആദ്യം സിനിമയിൽ പ്രത്യക്ഷപ്പെട്ടത്. "ആനന്ദ് "എന്ന ചിത്രത്തിലെ അഭിനയത്തിന് ആ വർഷത്തെ ഫിലിം ഫെയറിന്റെ മികച്ച രണ്ടാമത്തെ നടൻ എന്ന പുരസ്കാരംം ലഭിച്ചു. “സഞ്ചീർ" “ദിവാർ"എന്നി ചിത്രങ്ങളോടെ അമിതാഭ് ബച്ചൻ സൂപ്പർ താര പദവിയിലേക്ക് ഉയർന്നു. “ഷോലെ " “അമർ അക്ബർ ആന്റണി "മുകന്ദർ" “കാസികന്ദർ"മുതലായ ബച്ചന്റെ ചിത്രങ്ങൾ പ്രസിദ്ധമാണ്. 1984 -ലെ പേരു തെരഞ്ഞെടുപ്പിൽ ബച്ചൻ അലഹബാദ് നിയോജക മണ്ഡലത്തിൽ നിന്ന് 1,87,795 വോട്ടിന്റെ ഭൂരിപക്ഷത്തിൽ കോൺഗ്രസ് -ഐ ടിക്കറ്റിൽ ലോകസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

മികച്ച നടനുള്ള ദേശീയ പുരസ്കാരം രണ്ട് തവണ ഇദ്ധേഹത്തിന് ലഭിച്ചിട്ടുണ്ട്. "അഗ്നിപന് [1991-ല്ലും]", “ ബ്ലാക്ക്[ 2006-ല്ലും]” മികച്ച പുതുമുക നടനുള്ള ദേശീയ പുരസ്കാരം 1970-ൽ "സാത് ഹിന്ദുസ്ഥാനിലെ" പ്രകടനത്തിന് ഇദ്ധേഹത്തിന് ലഭിച്ചു.



അർഷാദ് ടി 9 A

# അമ്മ മനസ്സ്



വളരെസന്തോഷകരമായ ഒരു വീട്.അവിടെ ഉണ്ടായിരുന്നത് അച്ഛനും അമ്മയും മകനും ആയിരുന്നു.വളരെ സന്തോഷത്തോടെ അവർ ജീവിച്ചു വരികയായിരുന്നു.പെട്ടെന്ന് ഒരു ദിവസം അവരുടെ അച്ഛൻ ഈ ലോകത്തോട് വിട പറഞ്ഞു.അതിന് ശഷം അവരുടെ ജീവിതം വളരെ കഷ്ട്ടത്തിലായി.അവരുടെ മകൻ എസ്.എസ്.എൽ.സി പാസായ സമയമായിരുന്നു അത്.അതിന് ശേഷം അവൻെറ അമ്മ ഒരുപാട് കഷ്ട്പ്പെട്ടാണ് അവനെ വളർത്തിയത്.അവനെ പഠിപ്പിച്ച് വലിയ നിലയിൽ എത്തിക്കാൻ അവൻെറ അമ്മ വളരെ കഷ്ട്ടപ്പെട്ടു.അവസാനം അവനെ പഠിപ്പിച്ച് അവന് ഒരു ജോലിയെല്ലാം കിട്ടി. അപ്പോൾ അവൻെറ അമ്മയെ ജോലിക്ക് വിടാതെ വീട്ടിൽ ഇരുത്തി.അമ്മയും അവനും നല്ലരീതിയിൽ മുന്നോട്ടു പോവുകയായിരുന്നു.അങ്ങനെ അവൻെറ കല്യാണം കഴിഞ്ഞു.അവർ സന്തോഷകരമായി മുന്നോട്ട് പോവുകയായിരുന്നു.പെട്ടെന്ന് ഒരു ദിവസം അമ്മയ്ക്ക് സുഖമില്ലാതായി.കിടപ്പിലായി.അപ്പോൾ മകൻെറ ഭര്യ പറഞ്ഞു എനിക്ക് നിങ്ങളുടെ തള്ളയെ നോക്കാൻ കഴിയില്ല.തള്ളയെ ഏതെകിലും വൃദ്ധസദനത്തിൽ കോണ്ട് വിടണം ഞാൻ ഷോപ്പിംങ്ങിന് പോവുകയാണ്.അത് കഴിഞ്ഞ് വരുമ്പോഴേക്കും തള്ളയെ ഇവിടെ കാണരുത്.അമ്മയോടുള്ള അത്മാർത്ഥ

സ്നേഹം കാരണം മകന് പുറത്താക്കാൻ കഴിഞ്ഞില്ല.(കുറച്ച നേരങ്ങൾക്ക് ശേഷം )ഭാര്യ തിരിച്ചെത്തി.അവൾ അമ്മയെ കണ്ടു. ഭർത്താവിനോട് ച്ചോദിച്ചു.നിങ്ങൾ അമ്മയെ പുറത്താക്കിയില്ലെ.ഭാർത്താവിനെ ശകാരിച്ചു. അത് ക്കേട്ടപ്പോൾ മകൻ അമ്മയെ പിടിച്ച് വലിച്ച് കാറിൽ കയറ്റി റോഡരികിൽ കൊണ്ടിട്ടു. അവിടെ നിന്ന് അമ്മ കരയുന്നത് കണ്ട് ആളുകൾ അമ്മയെ വട്ടം ചുറ്റി.അമ്മ കരയുന്നത് കണ്ട് വൃദ്ധസദനത്തിൽ ആക്കി.അവൻ വീട്ടിൽ എത്തിച്ചേർന്നു.കാരണം ഇല്ലാതെ ഭാര്യയോട് തർക്കമായി.അപ്പോൾ ഭാര്യ പറഞ്ഞു നിങ്ങൾക്ക് അമ്മയെ അത്ര ജീവനാണേൽ എന്നെ വീട്ടിൽ ആക്കി അമ്മയെ കൊണ്ടുവന്നോളൂ.അപ്പോൾ മകൻ പറഞ്ഞു നീ വന്നപ്പോൾ മുതലാണ് ഈ പ്രശ്നങ്ങൾ തുടങ്ങിയത്.നീ പോവുകയാണേൽ പോയിക്കോളൂ. എനിക്ക് എന്റെ അമ്മയാണ് വലുത്.അച്ഛൻ മരിച്ചപ്പോൾ എന്റെ അമ്മയായിരുന്നു എനിക്ക് എല്ലാം.ആ അമ്മയെയാണ് നീ പറഞ്ഞ കാരണത്താൽ ഞാൻ റോഡരികിൽ കൊണ്ടാക്കിയത്. നിനക്ക് കാര്യം മനസ്സിലായി എങ്കിൽ എന്റെ അമ്മയെ കൂട്ടിവരണം.അവൾ പറഞ്ഞു എനിക്ക് കാര്യം മനസ്സിലായി.ഞാൻ അമ്മയെ കൂട്ടികൊണ്ട് വരാം.അവൻ അമ്മയെ കൊണ്ടാക്കിയ സ്ഥലത്ത് അവൾ പോയി നോക്കി . അവിടെ അമ്മ ഇല്ല,അവൾ ആളുകളോട് ചോദിച്ചു.എന്റെ അമ്മയെ കണ്ടോ? ആളുകൾ പറഞ്ഞു ഞങ്ങൾ അവരെ വൃദ്ധ സദനത്തിൽ കൊണ്ടാക്കിയിട്ടുണ്ട് .അവിടെ പോയി കൂട്ടി കൊള്ളൂ. അവൾ പോയി അമ്മയെ കൂട്ടി.കരഞ്ഞു കൊണ്ട് നിൽക്കുന്ന അമ്മയെയൊയാണ് കണ്ടത്.അവൾ അമ്മയെ കെട്ടിപ്പിച്ചു കരഞ്ഞുകൊണ്ട് പറഞ്ഞു അമ്മ എന്നോട് ക്ഷമിക്കണം.എല്ലാം ക്ഷമിച്ചുകൊണ്ട് വീട്ടിലേക്ക് വരണം.അമ്മ പറഞ്ഞു മോളേ ഞാൻ ഇനി വീട്ടിലേക്ക് ഇല്ല.നിങ്ങൾ ഒരു കുടുമംബമായി അവിടെ കഴിയുന്നതാണ് എനിക്ക് ഇഷ്ടം.എന്റെ എല്ലാ അനുഗ്രഹവും നിങ്ങൾക്ക് ഉണ്ട്. അവൾ അമ്മയെ നിർബന്ധിച്ചു കൊണ്ട് പറഞ്ഞു അമ്മ വരണം .ഇനിയുള്ള കാലം മുഴുവൻ നമുക്ക് ഒരുമിച്ച് കഴിയണം. അമ്മ വീട്ടിലേക്ക് പോയി.കുറച്ച് വർഷങ്ങൾക്ക് ശേഷം അമ്മ പെട്ടെന്ന് മരിക്കുകയും ചെയ്തു.

(നമ്മുടെ സന്തോഷത്തിന് വേണ്ടി ചില ബന്ധങ്ങൾ നാം മുറിച്ച് കളയും. പിന്നെ നാം അത് ഓർത്ത് ദു:ഖിക്കും. സന്തോഷത്തിന് വേണ്ടി മുറിക്കാൻ പറ്റാത്ത ചില ബന്ധങ്ങൾ ഉണ്ട്. അതിൽ പെട്ടതാണ് അമ്മ)




റിഷാന ടി എ 9 A

# ആത്മവിശ്വാസം എന്ന വലിയ വിജയം

ഒരു നഗരത്തിൽ ഒരു അമ്മയും മകളും താമസിച്ചിരുന്നു.അവർ വളരെ അധികം പാവപ്പെട്ടവരായിരുന്നു.കാരണം അവരുടെ കുടുംബനാഥൻ 5 വർഷം മുൻപ് മരണമടഞ്ഞു. .പക്ഷെ അമ്മയും മകളും വളരെ നല്ല പാട്ടുകാരികളായിരുന്നു.പാട്ടുപാടിയായിരുന്നു ജീവിതം മുന്നോട്ട് നയിച്ചത് ഒരു ദിവസം അവർ രണ്ടുപേരും പാട്ടുപാടി കിട്ടിയ പണവുമായി വീട്ടിലേക്ക് തിരിച്ചുപോവുകയായിരുന്നു.പെട്ടെന്ന് ഒരാൾ അവരെ പിന്തുടരുന്നത് പോലെ തോന്നി അവർ തിരിഞ്ഞ് നോക്കിയപ്പോൾ ആരും ഉണ്ടായിരുന്നില്ല അവർ മുന്നോട്ട് നടന്നു. അവർ വീട്ടിലെത്തുമ്പോൾ വൈകുന്നേരം ആയിരുന്നു. രാത്രി ആയപ്പോൾ ഭക്ഷണം കഴിച്ച് കിടന്നു. പെട്ടെന്ന് ആരോ വാതിലിൽ മുട്ടുന്നതായി തോന്നി. അവർ പേടിയോടെ വാതിൽ തുറന്നു.പുറത്തൊരു അപരിജിതൻ നിൽക്കുന്നുണ്ടായിരുന്നു. അയാളോട് അമമ ചോദിച്ചു "നിങ്ങളാരാണ് "? . അയാൾ പറഞ്ഞു : "ഞാൻ നിങ്ങളെ കാണാൻ ഒരുപാട് ശ്രമിച്ചു . പക്ഷെ കഴിഞ്ഞില്ല .”അയാൾ വിവരിക്കാൻ തുടങ്ങി " അടുത്താഴ്ച്ച ഇവിടെ അടുത്ത് റിയാലിറ്റി ഷോ നടക്കുന്നുണ്ട്. അവിടെ വന്നാൽ നിങ്ങൾക്കും പങ്കെടുക്കാം നിങ്ങൾ നന്നായി പാടുന്നവരാണെന്ന് ഞാൻ അറിഞ്ഞു. അതുകൊണ്ടാണ് നിങ്ങളെ കാണാൻ വന്നത് ആ മത്സരത്തിൽ നിങ്ങൾക്ക് എന്തായാലും ഒന്നാം സ്ഥാനം ലഭിക്കും. അതിനാൽ നിങ്ങൾ നല്ലവണ്ണം പാടിപ്പടിക്കണം.” എന്നും പറഞ്ഞ് അയാൾ അവിടെ നിന്നും പോയി. അവർ അത് സ്വീകരിച്ചു. അവർ അന്ന് മുതൽ പഠിക്കാൻ തുടങ്ങി. അടുത്തയാഴ്ച്ച ആയി. അയാൾ അവരുടെ അടുത്തേക്ക് വന്നു. അവരെയും കൂട്ടി അവിടേക്ക് പോയി . അങ്ങനെ അവർ അവിടെ എത്തി . അവിടെ നന്നായി പാടാൻ കഴിവുള്ള കുറേ അതികം ആളുകൾ ഉണ്ടായിരുന്നു. അവരെ എല്ലാം കണ്ടപ്പോൾ അമ്മയും മകളും ഒന്ന് പതറി. അവരെ ആരും അത്ര ശ്രദ്ധിച്ചിരുന്നില്ല . അവരും ആരോടും മിണ്ടാൻ പോയിരുന്നില്ല . അടുത്തതായി അവരായിരുന്നു. നല്ല ആത്മവിശ്വസത്തോടെ ആയിരുന്നു അവതരിപ്പിച്ചത്. റിസൾട്ട് വന്നു അവർ വിജയിച്ചു. അവരുടെ ആത്മവിശ്വസം അവരെ രക്ഷിച്ചു. ആത്മ വിശ്വസം ഉണ്ടെങ്കിൽ എന്തും നമുക്ക് നേടിയെടുക്കാം.

ആത്മവിശ്യാസം അതെല്ലെ എല്ലാം



ഹനിയ ഫാത്തിമ 8B

# മൊബൈൽ ഫോണിന്റെ ദുരുപയോഗം



ആധുനിക കാലം വളരെ പുരോഗമിച്ചിരിക്കുകയാണ്. മനുഷ്യജീവിതത്തിൽ മാധ്യമങ്ങൾക്ക് വളരെ വലിയ സ്ഥാനം ഉണ്ടായി കഴിഞ്ഞിരിക്കുകയാണ്. അതിൽ പ്രധാനപ്പെട്ട ഒന്നാണ് മൊബൈൽ ഫോൺ. ഇന്നത്തെ മനുഷ്യ ജീവിതത്തിൽ മൊബൈൽ ഫോൺ ഗുണത്തെക്കാൾ ഏറെ ദോഷങ്ങൾ ആണ് ഉണ്ടാക്കുന്നത്. ആധുനികയുകത്തിൽ കണ്ടുവരുന്ന പുതിയ തരം ഫോണുകൾ കുട്ടികൾക്കിടയിൽ വലിയ സ്ഥധിനം ഉണ്ടാക്കിയിട്ടുണ്ട്. അതിനാൽ തന്നെ കുട്ടിക്കൾക്കിടയിലെ ഫോണിന്റെ ഉപയോഗം . കൂടിവരുന്നുണ്ട്. ഇന്ന് സമൂഹത്തിന്റെ ചെറുപ്രായത്തിൽ തന്നെ ഫോൺ ഉപയോഗിക്കുന്ന കുട്ടികളുടെ എണ്ണം വളരെ കൂടുതലാണ്.അത് കൊണ്ടുള്ള ദോഷങ്ങളും വളരെ വലുതാണ്.



അജിത്ത് എൻ.പി 9 A

# FREEDOM




*do you feel freedom?, and*
*do you know what's freedom*
*do you think about your freedom*
*others freedom?, even*
*do you think about your freedom limits?*

*Your freedom ends, where other*
*freedom begins*
*if you wanna be free*
*free from every misery*
*you just fag for freedom*
*and you can free if you have*
*faith in you*
*don't be frowning towards*
*others freedom, and*
*make your freedom fragrant*



*sana parveen 9 A*

# വലയ സൂര്യഗ്രഹണം



സൂര്യഗ്രഹണം

ചന്ദ്രനും ഭൂമിക്കും സൂര്യനും ഇടയിൽ വരികയും ചന്ദ്രൻ സൂര്യ ഭിംബത്തെ പൂർണമായോ ഭാഗികമായോ മറയ്ക്കുകയും ചെയ്യുന്നതാണ് സൂര്യഗ്രഹണം.

സൂര്യഗ്രഹണം നാല് തരത്തിലുണ്ട്.പൂർണ്ണ സൂര്യഗ്രഹണം,വലയ സൂര്യഗ്രഹണം,ഭാഗിക സൂര്യഗ്രഹണം,സങ്കര ഗ്രഹണം.ചന്ദ്രൻ ചുറ്റുന്നത് ഒരു ദീർഘ വൃത്താകാര പഥത്തിലൂടെയാണ്.അതിനാൽ ചിലപ്പോൾ ഗ്രഹണ സമയത്ത് ചന്ദൻ ഭൂമിയോട് അടുത്തായിരിക്കും.അപ്പോഴാണ് പൂർണ സൂര്യഗ്രഹണം ഉണ്ടാകുന്നത്.മറ്റ ചിലപ്പോൾ ഗ്രഹണം നടക്കുമ്പോൾ ചന്ദൻ ഭൂമിയിൽ നിന്നും അകലെയായിരിക്കും.ആ സമയത്ത് ചന്ദ്രഭിംബത്തിന് സൂര്യഭിംബത്തെ പൂർണമായും മറയ്ക്കാൻ സാധിക്കില്ല.അതാണ് വലയ സൂര്യഗ്രഹണം.

വലയ സൂര്യ ഗ്രഹണത്തിൽ സൂര്യൻ ഒരു സ്വർണ്ണ വളപോലെ കാണപ്പെടും.വളയുടെ അകം ഭാഗം കറുത്ത ചന്ദ്രഭിംബമാണ്.പൂർണ സൂര്യഗ്രഹണവും വലയ സൂര്യഗ്രഹണവും ചില പ്രദേശങ്ങിൽ മാത്രമാണ് ദൃശ്യമാവു.

വലയ സൂര്യഗ്രഹണം

2019 ഡിസംബർ 26 ന് ഈ നൂറ്റാണ്ടിലെ രണ്ടാമത്തെ സൂര്യഗ്രഹണം കൺകുളിർക്കെ കണ്ട് കേരളം.കോഴിക്കോട്,കാസർഗോഡ്,കണ്ണൂർ,വയനാട് ജില്ലകളിൽ ഗ്രഹണം ദൃശ്യമായി.വയനാട്ടിൽ മേഘങ്ങൾ കൊണ്ട് മറഞ്ഞതിനാൽ പൂർണ്ണമായി കാണാൻ കഴിഞ്ഞില്ല.നാദാപുരത്ത് പൂർണ്ണ ഗ്രഹണം ദൃശ്യമായി.വ്യാഴായ്ച്ച രാവിലെ 8:05 മുതൽ 11:11 വരെയായിരുന്നു ഗ്രഹണം.രാവിലെ 8:04 ന് കാസർഗോഡ് ചെറുവത്തൂരിലാണ് ഗ്രഹണം ആദ്യം ദൃശ്യമായത്.തിരുവനന്തപുരത്ത് 8:06 മുതൽ കാണാനായി 9:30 ക്ക് ഗ്രഹണം പൂർണനിലാവായി.വടക്കൻ ജില്ലകളിൽ പൂർണ്ണവും മറ്റു ജില്ലകളിൽ ഭാഗിക ഗ്രഹണവും ആണ് ഉണ്ടായത്.കേരളത്തിൽ എല്ലായിടത്തും സൂര്യന്റെ 87 ശതമാനം മുതൽ 93 ശതമാനം വരെ മറഞ്ഞു.



ശിവന്യ കെ.എസ് 5 B

# ആ അവധിക്കാലം



ഒരിടത്ത് ഒരു നല്ല രണ്ട് ചങ്ങാതിമാർ ഉണ്ടായിരുന്നു . അവർ ഒരിക്കലും പിരിയാത്ത കൂട്ടുകാരായിരുന്നു. രണ്ട് പേരും ഒരു ദിവസം കടയിലേക്ക് പോകാൻ തീരുമാനിച്ചു. ആദ്യം അവരുടെ പേര് എന്താണ് ? അവരുടെ പേര് എന്ത് എന്ന് അറിയണ്ടേ. അപ്പു രാമു . അപ്പു വളരെ പൈസ ഉള്ളവനാണ് എന്നാലോ രാമു പാവപ്പെട്ടവനും . പിന്നെ ബാക്കി പറയാം .നിങ്ങൾക്ക് ആ കഥ കേൾക്കണ്ടേ . അവർ കടയിലേക്ക് പോകുന്ന കാര്യം അവർ വീട്ടിൽ പറയാൻ പോയി . അപ്പുവിന്റെ വീട് വലിയ വീടാണ്. അതേ സ്ഥാനത്ത് രാമുവിന്റെ വീട് ഒരു ചെറിയ കുടിലാണ്.അപ്പു രാമുവിന്റെ വിട്ടിലേക്ക് നോക്കി. അവിടെ ആരുമില്ല നിശ്ശബ്ദമായിരുന്നു. അവൻ പതുക്കെ രാമുവിന്റെ വീട്ടിലേക്ക് എത്തി നോക്കി.അവൻ പതുക്കെ പതുക്കെ രാമുവിന്റെ ജനാലയിലൂടെ എത്തി നോക്കി. അവൻ പതുക്കെ രാമുവിനെ വിളിച്ചു.രാമു നീ 5 രൂപ എടുക്ക് ഞാനും എടുക്കാം . അവൻ അമ്മയോട് ചോദിച്ചു . അമ്മ എനിക്ക് ഒരു 5 രൂപ തരുമോ? അമ്മ ചോദിച്ചു എന്താ എന്തെങ്കിലും ആവശ്യമുണ്ടോ . ഒന്നും ഇല്ല അമ്മ അത് ഞാനും രാമുവും കൂടി കടയിൽ പോവുകയാണ് . അമ്മ പറഞ്ഞു വേഗം വരണം . അത് എന്താ അമ്മ അങ്ങനെ പറഞ്ഞത് . ഒന്നും ഇല്ല മോനെ.. നീയും അപ്പുവും കൂടിയല്ലേപോകുന്നത് അത് കൊണ്ടാണ് ഞാൻ അങ്ങനെ പറഞ്ഞത് . ഞങ്ങൾ ഒറ്റ സുഹൃത്താണ് ഞങ്ങളെ ആർക്കും തോൽപ്പിക്കാൻ കയിയുകയില്ലാ അമ്മാ . അങ്ങനെ നിലനിൽക്കട്ടെ . എന്നാൽ ഞങ്ങൾ പോകട്ടെ . ആ പോയിക്കോ . അമ്മയുടെ മറുപടി കിട്ടുന്നതിന്ന് മുമ്പ് അവൻ പോയിരുന്നു . കടയിൽ പോകണമെങ്കിൽ കുറച്ചു ദൂരം പോകണം . അപ്പോൾ അവർ കാട്ടിലൂടെ

പോകാൻ തുടങ്ങി അപ്പോൾ രാമു പറഞ്ഞു . എനിക്ക് പേടിയാകുന്നു. അപ്പോൾ അപ്പ പറഞ്ഞു. എന്തിനാണ് നീ പേടിക്കുന്നത് . അപ്പോൾ രാമു അവനോട് പറഞ്ഞു എനിക്ക് ....എനിക്ക് എന്റെ അമ്മയെ കാണണം. അപ്പോൾ അപ്പ പറഞ്ഞു. എന്ത് പേടിയാണ് നിനക്ക് . എനിക്ക് പോലും ഇത്ര പേടിയില്ലല്ലോ . നിനക്ക് എന്താ ഇത്രയും പേടി. അപ്പേൾ അപ്പ പറഞ്ഞു എനിക്ക് എന്റെ അമ്മ ഒരു കഥ പറഞ്ഞുതന്നിട്ടുണ്ട് അപ്പ പറഞ്ഞു എന്താണ് പറഞ്ഞത് . ഈ കാട്ടിൽ വലിയ ഒരു കള്ളൻ ഉണ്ട് എന്ന്. അപ്പോൾ അപ്പ ചോദിച്ചു എന്നിട്ട് എന്താണ് സംഭവിച്ചത് അപ്പോൾ രാമു പിന്നെയും കഥ തുടങ്ങി.എന്റെ അമ്മയും അയൽവക്കക്കാരും പുഴയിൽ അലക്കാൻ പോകും.അലക്കി തിരിച്ചു വരും.പിന്നെ ആ വസ്ത്രങ്ങൾ തിരിച്ചെടുക്കാൻ പോകും.അപ്പോൾ ഒരു അത്ഭുതം സംഭവം കാണും. വസ്ത്രങ്ങൾ ഒന്നും കാണുന്നില്ല. അപ്പോൾ അമ്മയും അയൽവക്കക്കാരും ചിന്തിക്കും. ഇതാരാണ് വസ്ത്രം ഇങ്ങനെ കൊണ്ട് പോകുന്നത്.പിറ്റേന്ന് നാട്ടുകാരും വീട്ടുകാരും ഒത്തുചേർന്നു.അവർ അലക്കി വസ്ത്രം വിരിച്ചിട്ടു.പിന്നെ ഒരു മരത്തിന്റെ പിറകിൽ ഒളിച്ചിരുന്നു.അന്ന് മുഴുവനും അവർ അവിടെ ഇരുന്നു.പക്ഷെ എന്ത് ചെയ്യാനാ...ആ കള്ളൻ വന്നില്ല.അപ്പോൾ നാട്ടുകാർ പറഞ്ഞു:നമ്മൾ വരുമെന്ന് വിചാരിച്ച് ആ കള്ളൻ ഇന്ന് വന്നില്ല.അപ്പോൾ നാട്ടുകാർ തിരിച്ച് പോയി.ഇതു പോലെ രണ്ടു മൂന്ന് ദിവസം തുടർന്നു.അപ്പോൾ ഒരു ദിവസം കള്ളനും നാട്ടുകാരും വന്നു.അപ്പോൾ കള്ളൻ അവിടെ ഉണ്ടായിരുന്നു.അപ്പോൾ നാട്ടുകാർ കണ്ടു കള്ളൻ വസ്ത്രങ്ങൾ എടുത്ത് പുഴയിൽ ഒഴുക്കി വിടുന്നു . നാട്ടുകാർ ഒത്തു കൂടി കള്ളനെ പിടിച്ചു. വളരെ കഠിന ശിക്ഷ കൊടുത്തു . അങ്ങനെ അയാൾ ഒരു വല്യ കള്ളൻ എന്ന പേരിൽ അറിയപ്പെട്ടു. അപ്പോൾ അപ്പ പറഞ്ഞു എനിക്ക് നിന്നിൽ നിന്ന് വലിയ ഒരു അറിവാണ് കിട്ടിയത്. നമുക്ക് വീട്ടിൽ പോകാം അവർ വീട്ടിൽ പോയി അമ്മയുടെ അടുത്ത് കാര്യങ്ങളെല്ലാം പറഞ്ഞു .



ഷഹാന ഷെറിൻ 9 A

# നൊമ്പരക്കാഴ്ചകൾ



കലിതുള്ളിയെത്തിയാ പ്രളയം
കണ്ണിൽ കനലേകി പോയിതാപ്രളയം
ഉറങ്ങാൻ കൊതിച്ചിട്ടുറങ്ങാൻ കിടന്നവർ
ഉണരാത്ത യാത്രയിൽ ആഴ്ന്നുപോയ്
കൂടെപ്പിറപ്പിന്റെ കൂടെ കിടന്നൊരാ-
കുഞ്ഞിനെപ്പോലും കവർന്നെടുത്തു
താരാട്ടുപാടി മതിവരാതുള്ളൊരു-
മാതൃ ഹൃദയത്തെ ബാക്കിയാക്കി
ആരോമലുണ്ണിയെ കവർന്നെടുത്താ-
പ്രളയം-തീരാത്ത നൊമ്പരം ബാക്കിയാക്കി
ഉറ്റവരൊക്കെയും മണ്ണിലമർന്നുപോയ്
നെഞ്ചകം പിടയുന്ന കാഴ്ച ബാക്കി
അയലത്തെ വീട്ടുകാർ എത്തിനോക്കിടാതെ
മതിലുകൾ കെട്ടി പടുത്തവരും-
മണ്ണിനടിയിൽ ഒരുമിച്ചുറങ്ങുന്ന-
കാഴ്ചകൾ മാത്രമായി മാറിടുന്നു
പ്രകൃതിയിൽ നമ്മൾ തൻ വികൃതികളൊക്കെയും
തീരാത്ത നൊമ്പരം തന്നിടുമ്പോൾ
ദൈവത്തെ ശപിക്കുന്ന വിഢികളായ്-നാം
മാറുന്നതല്ലെയോ ഏറെ ദുഃഖം
പ്രളയം കൊടുത്തുപോയ് ഒരുകൊച്ചു പാഠം
ജാതിമതത്തിൻ ഐക്യപാഠം



ശിവന്യ കെ.എസ് 5 B

# അഗ്നിസാക്ഷി



ലളിതാമ്പിക അന്തർജ്ജനം രചിച്ച മലയാളത്തിലെ പ്രശസ്തമായ നോവലാണ് അഗ്നിസാക്ഷി.ബ്രാഹ്മണ സമുദായത്തിലെ ഒരു സ്ത്രീയുടെ ജീവിതത്തിലെ മൂന്നു ഘടകങ്ങളിലൂടെയാണ് കഥ പുരോഗമിക്കുന്നത്.ഭാര്യയിൽ നിന്ന് സ്വാതന്ത്രസമര സേനാനിയും പിന്നീട് സന്യാസിനിയായും മാറുന്ന നായികയുടെ കഥയാണിത്.കഥാകാരിയുടെ തന്നെ അഭിപ്രായത്തിൽ ഏതാണ്ട് 40 വർഷക്കാലത്തെ സാമൂഹികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളുടെ ഓർമ്മക്കുറിപ്പുകൂടിയാണ് ഈ നോവൽ.കേരളീയ സമൂഹത്തിന്റെ സാമൂപികവും രാഷ്ട്രീയവുമായ പരിവർത്തനങ്ങളുടെ കഥയും സാമൂഹിക സ്വാതന്ത്ര്യത്തിനു വേണ്ടി ജീവിതം ബലിദാനമായി കെടുത്ത മാമ്പള്ളി ഇല്ലത്ത് 'അഗ്നിസാക്ഷി'യായി കുടി കയറിയെത്തിയ തേതിക്കുട്ടിക്കാവിന്റെ കഥയാണ് നോവൽ.1977-ൽ പുസ്തക രൂപത്തിൽ പുറത്തു വന്നു.ഈ നോവലിന് ആദ്യത്തെ വയലാർ അവാഡ്,കേന്ദ്ര-കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ,ഓടക്കുഴൽ അവാർഡ് എന്നിവ ലഭിച്ചു.

ഈ നോവലിനെ ആസ്പദമാക്കി ശ്യാമപ്രസാദ് സംവിധാനം ചെയ്ത് 1999-ൽ തിയേറ്ററുകളിൽ എത്തിയ ഒരു മലയാള ചലച്ചിത്രമാണ് അഗ്നിസാക്ഷി.വി.വി. ബാബു നിർമ്മിച്ചിരിക്കുന്ന ഈ ചലച്ചിത്രത്തിൽ രജിത് കപൂർ,ശോഭന,ശ്രീവിദ്യ,മധുപാൽ തുടങ്ങിയവർ പ്രധാന വേഷങ്ങളിൽ അഭിനയിച്ചിരിക്കുന്നു.



ഹംന ഫാത്തിമ 9 A

# नशो

मुझे कही से ैक चीख सुनी दि
मे चारे ओर देकता हू
सके पीचे वहि हे
यह ैक चुपके से झक रहा था
वह पूकारता हे
झिललाने
पिच ओंर पे कहने हे
पूरे शरीर का सवाद आचछा हौ
सर आुठे
कुछ खेज रहे हे
कों नही समझना
वह बढता है
जाच के आत मे हमने



हमना फातिमा 9 A

# വരകൾ......








മുഹമ്മദ് ഷഹബാസ്
5 A



മിൻഹ ഫാത്തിമ പി
1







നാജിയ ഫാത്തിമ പി
4



അദിന ജോസഫ്
7 A

# ഓർമകളിലൂടെ.......













# മിൽമ വിസിറ്റ്









# LITTLE KITES

## GHS KURUMBALA

MUNDAKUTTY PO

WAYANAD, PIN :673 645

littlekites15088@gmail.com

Cover page designed by :Jacob K J (Spl Teacher GHS KURUMBALA)